മി. ഡെപ്യൂട്ടി സ്പീക്കർ : ഓർഡർ .........ഓർഡർ...........ചോദ്യം നമ്പർ *361

ശ്രീ. എ. എ. അസീസ് സീറ്റിലില്ലാത്തതിനാൽ മറ്റേത് മെമ്പർ ആവശ്യപ്പെട്ടാലും ആ ചോദ്യം അനുവദിക്കാം. ചോദ്യം ചോദിക്കുന്ന അംഗം സഭയിൽ ഇല്ലെങ്കിൽ മറ്റേതെങ്കിലും ഒരംഗം ആവശ്യപ്പെട്ടാൽ അത് അനുവദിക്കാവുന്നതാണ്.

ശ്രീ. പി. സി ജോർജ് : അങ്ങേയ്ക്ക് അതിനുള്ള അധികാരമുണ്ട്. പക്ഷെ ഇന്നലെ അത് നടന്നില്ല. ഇന്നലെത്തെ ചോദ്യങ്ങൾക്ക് ആരെല്ലാം ചോദിക്കാനുണ്ടായിരുന്നു. എന്നിട്ടും അങ്ങ് അനുവദിച്ചില്ല.

മി. ഡെപ്യൂട്ടി സ്പീക്കർ : എന്റെ അധികാരത്തിന്റെ കാര്യമല്ല. റൂളിൽ വളരെ വ്യക്തമായി പറയുന്നത് ചോദ്യം ചോദിക്കാനുള്ള അംഗം നിയമസഭയിൽ ഉണ്ടെങ്കിൽ മറ്റൊരംഗത്തിന് ചോദിക്കാൻ പാടില്ല എന്നാണ്. ശ്രീ. എ. എ. അസീസ് ഇന്ന് നിയമസഭയിൽ ഇല്ലാത്ത സാഹചര്യത്തിൽ മറ്റൊരംഗം ചോദിച്ചാൽ കൊടുക്കണമെന്ന് റൂൾ 43 -ൽ പറഞ്ഞിട്ടുണ്ട്.

ശ്രീ. ഇ. പി. ജയരാജ് : ചോദ്യം ചോദിക്കാനുള്ള അംഗം ആദറൈസ് ചെയ്തുകൊടുക്കണ്ടേ? അതാണ് ഇതുവരെയുള്ള കീഴ്‌വഴക്കം.

മി. ഡെപ്യൂട്ടി സ്പീക്കർ : വേണ്ട. ചോദ്യം ചോദിക്കേണ്ട അംഗം നിയമസഭയിൽ

ഉണ്ടായിരുന്നിട്ട് അദ്ദേഹം ചോദിക്കുന്നില്ലെങ്കിൽ മറ്റൊരാൾക്ക് കൊടുക്കാൻ കഴിയില്ല.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: റൂൾ 44 പരിശോധിച്ചതിനുശേഷം തീരുമാനിക്കുന്നതായിരിക്കും നല്ലത്. കാരണം റൂൾ 44-ൽ വേറെതരത്തിലൊരു പരാമർശം കാണുന്നുണ്ട്.

മി. ഡെപ്യൂട്ടി സ്പീക്കർ : ഞാൻ അതിന്റെ പ്രസക്ത ഭാഗം വായിക്കാം. Rules of Procedure at Contact of Business - 43 (3) -ൽ if on a question being called the member in whose name it stands is absent the Speaker at the request of any member may direct that the answer to be given.

വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ) : സർ, ക്വസ്റ്റ്യൻ ഫ്ലോറിൽ വന്നുകഴിഞ്ഞാൽ അത് സഭയുടെ പ്രോപ്പർട്ടിയാണ്. സഭയുടെ പ്രോപ്പർട്ടിക്കകത്തെ പ്രയോറിറ്റിയാണ് പ്രശ്നം. ക്വസ്റ്റ്യൻ ചോദിച്ച ആളുകൾക്കാണ് ഫസ്റ്റ് പ്രയോറിറ്റി. ക്വസ്റ്റ്യൻ ചോദിച്ച മെമ്പർ സഭയിൽ ഹാജരില്ലെങ്കിൽ സഭയുടെ പ്രോപ്പർട്ടിയായതുകൊണ്ട് ഏത് മെമ്പർക്കും അതിനെക്കുറിച്ച് ചോദിക്കാൻ കഴിയും എന്നാണ് അങ്ങ് അർത്ഥമാക്കിയതെന്ന് ഞാൻ മനസ്സിലാക്കുന്നു.

മി. ഡെപ്യൂട്ടി സ്പീക്കർ : അതനുസരിച്ചാണ് ശ്രീ. വി. എസ്. സുനിൽ കുമാറിനെ അനുവദിച്ചത്. റൂൾ 43(3) വായിച്ചാൽമതി.

## സ്വകാര്യ ലാബുകളിലെ ഫീസ് ഏകീകരിക്കാൻ നടപടി

*361. ശ്രീ. വി. എസ്. സുനിൽ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്വകാര്യ സ്കാനിംഗ് സെന്ററുകൾ ഒരേതരം സ്കാനിംഗിന് ഈടാക്കുന്ന ഫീസ് വളരെ വ്യത്യസ്തമാണെന്നതു ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സ്വകാര്യ സ്കാനിംഗ് സെന്ററുകൾക്ക് ഏകീകൃത ഫീസ് ഏർപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോ;

(സി) സംസ്ഥാനത്ത് നിരവധി അനധികൃത ലാബുകൾ പ്രവർത്തിക്കുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ലാബുകളുടെ ക്ഷമതയും പ്രവർത്തനവും ലൈസൻസും പരിശോധിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്നു വ്യക്തമാക്കുമോ?

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ) : സർ,

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഇപ്പോൾ ഇതിനുള്ള ചട്ടങ്ങളൊന്നും നിലവിലില്ല. എന്നാൽ നിയമസഭയുടെ 230-ാം നമ്പർ ബില്ലായി പ്രസിദ്ധീകരിച്ചിട്ടുള്ള കേരള ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് ബിൽ നിയമമാകുമ്പോൾ ഈ പ്രശ്നത്തിനുകൂടെ പരിഹാരമുണ്ടാകുന്നതാണ്.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സേഫ് കേരള പ്രോഗ്രാമുമായി ബന്ധപ്പെട്ട് പല ജില്ലകളിലും ജില്ലാ മെഡിക്കൽ ഓഫീസർമാർ ലാബുകളിൽ പരിശോധനകൾ നടത്തുകയും അപാകതകൾ കണ്ടവയുടെ പേരിൽ നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

(ഡി) വിവിധ ജില്ലകളിൽ ബന്ധപ്പെട്ട ജില്ലാ മെഡിക്കൽ ഓഫീസർമാർ ലബോറട്ടറികളും സ്കാനിംഗ് സെന്ററുകളും പരിശോധിച്ച് അപാകതകൾ കണ്ടവയുടെ പേരിൽ പബ്ലിക് ഹെൽത്ത് ആക്ട് അനുസരിച്ച് നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

ഇതിനുപുറമേ സംസ്ഥാനത്തെ സ്വകാര്യ ആശുപത്രികൾ, മറ്റ് ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ്, നഴ്സിംഗ് ഹോമുകൾ എന്നിവയുടെ നിയന്ത്രണം, രജിസ്ട്രേഷൻ, ഫീസ് ഏകീകരണം എന്നിവയ്ക്ക് വേണ്ടി ദി കേരള ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് ബിൽ എന്ന പേരിൽ ഒരു ബിൽ നിയമസഭയുടെ 230-ാം നമ്പർ ബില്ലായി

പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഈ ബില്ലിന്റെ അടിസ്ഥാനത്തിൽ നിയമനിർമ്മാണം പൂർണ്ണമാകുന്നതോടെ ഇത്തരം പ്രശ്നങ്ങൾ ഒരു പരിധിവരെ നിയന്ത്രിക്കാൻ കഴിയുന്നതാണ്.

ശ്രീ. വി. എസ്. സുനിൽ കുമാർ : സർ, ഇവിടെ ബഹുമാനപ്പെട്ട മന്ത്രി അദ്ദേഹത്തിന്റെ മറുപടിയിൽ പറഞ്ഞതുപോലെ ഈ രംഗത്ത് നിരവധി അപകാതകൾ നിലനിൽക്കുകയാണ്. ഒന്ന്, ഒരേ ആളുടെ രക്തംതന്നെ വ്യത്യസ്ത ലാബുകളിൽ കൊടുത്താൽ വ്യത്യസ്ത റിസൽറ്റുകൾ കിട്ടുന്ന അനുഭവങ്ങളുണ്ടായിട്ടുണ്ട്. ഒരേ പരിശോധനകൾക്ക് വ്യത്യസ്തമായിട്ടുള്ള ഫീസ് ഈടാക്കുന്ന സംമ്പ്രദായവും ഉണ്ട്. അങ്ങനെ പലരീതിയിലുള്ള അപാകതകൾ നിലനിൽക്കുകയാണ്. ഇത് പരിഹരിക്കാനാണ് ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് ബിൽ വരുന്നതെന്ന് പറയുമ്പോഴും ഈ രംഗത്ത് ഇപ്പോൾ ജോലിചെയ്തുകൊണ്ടിരിക്കുന്ന ആയിരക്കണക്കിന് ലബോറട്ടറി ടെക്നീഷ്യൻമാരുടെ തൊഴിൽ ഉറപ്പുവരുത്താൻ ആവശ്യമായ നടപടികൂടി സ്വീകരിക്കുമോ ?

ശ്രീ. വി. എസ്. ശിവകുമാർ : സർ, ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് ബിൽ വരുമ്പോൾ തീർച്ചയായും ഈ കാര്യങ്ങൾക്ക് പ്രത്യേക പരിഗണനയുണ്ടാകും. കാരണം, ഇപ്പോൾ പല ലാബുകളിലും ജില്ലാ മെഡിക്കൽ ഓഫീസർമാർ

പരിശോധിച്ചപ്പോൾ ക്വാളിഫിക്കേഷൻ ഇല്ലാത്ത നിരവധിപേരെ ലാബ് ടെക്നീഷ്യന്മാർ എന്ന പേരിൽ അവിടെ ടെസ്റ്റുകൾ നടത്തുന്നതിന് നിയോഗിക്കപ്പെട്ടിട്ടുണ്ട്. ഗുണമേന്മയില്ലാത്ത reagents ഉപയോഗിക്കുന്നുണ്ട്. ഇതെല്ലാം പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാൻ കഴിയും. അനധികൃതമായ നിയമനങ്ങൾ നടത്തി ലാബ് പരിശോധനയ്ക്ക് നിറുത്തിയിട്ടുള്ള ലാബ് ടെക്നീഷ്യന്മാരെ മാറ്റി പുതിയ നിയമം വരുന്നൊരു പശ്ചാത്തലത്തിൽ കൂടുതൽ തൊഴിലവസരങ്ങൾ തീർച്ചയായും ഉണ്ടാകും. അപ്പോൾ ക്വാളിഫൈഡായിട്ടുള്ള ലാബ് ടെക്നീഷ്യന്മാർക്ക് തൊഴിൽ ലഭ്യമാകുന്നതിനുള്ള അവസരമുണ്ടാകും. അതിനുവേണ്ടിക്കൂടിയാണ് ഈ ബിൽ അവതരിപ്പിക്കുന്നത്.

<u>ശ്രീ. ജോസഫ് വാഴക്കൻ</u> : സർ, ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് ബിൽ 2013 മുതൽ നിലവിൽ വരുമെന്ന് പറഞ്ഞെങ്കിലും ഇതുവരെ ആ ബിൽ നിയമസഭയിൽ അവതരിപ്പിച്ചിട്ടില്ല. അത് വെയിറ്റിംഗിലാണെന്ന് തോന്നുന്നു. ഇതുമായി ബന്ധപ്പെട്ട് ജോലി ചെയ്യുന്നവരും ഇതിന്റെ നടത്തിപ്പുകാരും ഉൾപ്പെടെയുള്ളവരുടെ ഇടയിൽ ഒരുപാട് ആശങ്കകൾ ഉയർന്നിട്ടുണ്ട്. ഈ ബിൽ അവതരിപ്പിക്കുന്നതിനുമുമ്പ് ഇവരുടെ ആശങ്കകൾ തീർക്കുന്നതിനുവേണ്ടി അവരുമായി ഒരു ചർച്ച നടത്താൻ ഗവൺമെന്റ് മുമ്പോട്ട് വരുമോ; ഇക്കാര്യത്തിൽ എന്തെങ്കിലും നടപടികൾ ഇതിനകം

ചെയ്തിട്ടുണ്ടോ?

ശ്രീ. വി. എസ്. ശിവകുമാർ : സർ, ഈ ബിൽ 2010-ലെ കേന്ദ്ര നിയമമാണ്. കേരള സംസ്ഥാനത്തിന്റെ പ്രത്യേകമായ സാഹചര്യംകൂടി കണക്കിലെടുത്താണ് 2013-ൽ ഈ ബിൽ തയ്യാറാക്കിയിട്ടുള്ളത്. നിയമസഭാ സെക്രട്ടേറിയറ്റ് വഴി മെമ്പർമാർക്ക് ഈ ബിൽ പബ്ലിഷ് ചെയ്തിട്ടുണ്ട്. അടുത്ത സമ്മേളനത്തിൽ ഇത് പരിഗണിക്കുന്നതിനുവേണ്ടിയാണ് സമർപ്പിച്ചിട്ടുള്ളത്. ഇതുമായി ബന്ധപ്പെട്ടുള്ള നിരവധി ചർച്ചകൾ ഡിപ്പാർട്ടുമെന്റ് നടത്തിയിട്ടുണ്ട്. ലാബ് ടെക്നീഷ്യൻസിന്റെ നാലോളം അസോസിയേഷനുകളുമായും പ്രൈവറ്റ് ഹോസ്പിറ്റൽസ് അസോസിയേഷനുമായും ഇന്ത്യൻ മെഡിക്കൽ അസോസിയേഷനുമായും ചർച്ചകൾ നടത്തിയിട്ടുണ്ട്. ഡിസ്പെൻസറി മുതൽ സൂപ്പർ സ്പെഷ്യാലിറ്റി ഹോസ്പിറ്റൽവരെ ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് ബില്ലിനകത്ത് വരുന്നുണ്ട്. അവരെല്ലാവരുമായി സംസാരിച്ചിട്ടുണ്ട്. നിയമസഭയിൽ അവതിരപ്പിക്കപ്പെടുമ്പോൾ കൂടുതൽ ചർച്ചകളിലൂടെ ഉരുത്തിരിയുന്ന കാര്യങ്ങൾകൂടി ഉൾപ്പെടുത്തിക്കൊണ്ടായിരിക്കും ഈ ബിൽ പ്രാബല്യത്തിൽ വരുന്നത്.

ശ്രീ. എ. കെ. ബാലൻ : സർ, സംസ്ഥാനത്ത് അനധികൃതമായി ആയിരക്കണക്കിന് ലാബുകളാണ് ഇപ്പോൾ പ്രവർത്തിക്കുന്നത്. സഞ്ചരിക്കുന്ന

ലാബുകൾവരെയുണ്ട്. പരിശോധനാഫലം ഒപ്പിട്ടുനൽകേണ്ടത് പാത്തോളജിസ്റ്റാണ്. പാത്തോളജിസ്റ്റ്പോയിട്ട് ലാബ് ടെക്നീഷ്യൻ പാസ്സായ ഒരു ടെക്നീഷ്യൻപോലുമില്ലാത്ത മിക്ക ലാബുകളും കാണാൻ കഴിയും. പലരും ലാബുകളിൽനിന്ന് പഠിച്ച് ടെക്നീഷ്യൻമാരാവുകയാണ്. ഒരു ശാസ്ത്രീയ പഠനവും നടത്താതെ, മെഡിക്കൽ കൗൺസിലിന്റെ അംഗീകരമുള്ള സർട്ടിഫിക്കറ്റില്ലാതെ ടെക്നീഷ്യന്മാരായി ജോലി ചെയ്യുന്ന ആയിരക്കണക്കിന് ആൾക്കാരുണ്ട്. മെഡിക്കൽ സ്റ്റോറുകളിൽ ഫാർമസിസ്റ്റിന്റെ സർട്ടിഫിക്കറ്റ് പ്രദർശിപ്പിക്കുന്നതുപോലെ ലാബുകളിൽ യോഗ്യതയുള്ളവർ ഉണ്ടാകണമെന്നും അവരുടെ ഗവണ്മെന്റ് അംഗീകാരമുള്ള സർട്ടിഫിക്കറ്റ് പ്രദർശിപ്പിക്കണമെന്നും ഗവണ്മെന്റ് നിഷ്കർഷിച്ചാൽ ഈ രംഗത്തെ കുറേ മാനപ്പുലേഷൻസ് ഇല്ലാതാക്കാൻ സാധിക്കും. ഇത് ഗവണ്മെന്റിന്റെ പരഗണനയിലുണ്ടോ?

<u>ശ്രീ. വി. എസ്. ശിവകുമാർ</u> : സർ, തീർച്ചയായും ഇത് പരിഗണനയിലുണ്ട്. ഇപ്പോൾ ലാബുകൾ തുടങ്ങുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ലൈസൻസ് മതി. ആരോഗ്യ വകുപ്പോ മറ്റ് ഡിപ്പാർട്ടുമെന്റുകളുമായോ ബന്ധപ്പെട്ടുള്ള രജിസ്ട്രേഷനോ ലൈസൻസോ ഇല്ല. ഈ ബിൽ വരുമ്പോൾ തീർച്ചയായും ഈ കാര്യങ്ങൾ ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

ഇപ്പോൾതന്നെ നമ്മുടെ സംസ്ഥാനത്ത് എക്കണോമിക് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് ഡിപ്പാർട്ടുമെന്റ് നടത്തിയ പഠനത്തിൽ 4168 ലാബുകൾ പ്രവർത്തിക്കുന്നുണ്ട് എന്ന കണക്കാണ് ലേറ്റസ്റ്റായി ലഭ്യമായിട്ടുള്ളത്. അതിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ലൈസൻസില്ലാതെ പ്രവർത്തിക്കുന്ന അഞ്ഞൂറോളം ലാബുകളുണ്ടെന്ന് കണ്ടെത്തിയിട്ടുണ്ട്. ജില്ലാ മെഡിക്കൽ ഓഫീസർക്ക് പരിശോധന നടത്തുന്നതിന് പരിമിതികളുണ്ട്. നിയമം നിലവിൽ വരുമ്പോൾ തീർച്ചയായും ഈ കാര്യത്തിൽ ശക്തമായ നടപടികൾ സ്വീകരിക്കാൻ കഴിയും.

ശ്രീ. എ. ഉമ്മർ : സർ, ഈ ബിൽ വരാൻ താമസമുണ്ടാവുകയാണെങ്കിൽ, അതിനുമുമ്പ് ഉപഭേക്താക്കളായി വരുന്ന രോഗികൾ ധാരാളമുണ്ട്. അവർക്ക് ഇതിന്റെ ഗുണമേന്മ ഉറപ്പുവരുത്തുന്നതിനും അതുപോലെതന്നെ ജനങ്ങൾ ഇതിനെക്കുറിച്ച് അജ്ഞരാണ്. ഒരോരുത്തരും തോന്നിയരീതിയിലുള്ള ബില്ലുകളാണ് വാങ്ങുന്നത്. ഈ നിയമം വരുന്നതിനുമുമ്പ് ഉപഭോക്താക്കളുടെ സംരക്ഷണം ഉറപ്പുവരുത്തുന്നതിനുവേണ്ടി എന്തൊക്കെ ക്രമീകരണങ്ങളാണ് ഗവണ്മെന്റ് ഇപ്പോൾ എടുത്തിട്ടുള്ളത് ?

ശ്രീ. വി. എസ്. ശിവകുമാർ: സർ, പബ്ലിക് ഹെൽത്ത് ആക്ട് അനുസരിച്ച് വേണ്ട നടപടി ഇപ്പോൾ തന്നെ സ്വീകരിക്കുന്നുണ്ട്. ആരോഗ്യവകുപ്പിനെ

സംബന്ധിച്ചിടത്തോളം പകർച്ചവ്യാധി നിയന്ത്രണത്തിന്റെ ഭാഗമായി ഓരോ സ്ഥലങ്ങളിലെയും ശുചിത്വം പരിശോധിക്കുന്നതിന് ഹെൽത്ത് ഇൻസ്പെക്ടർ റാങ്കിന് മുകളിലുള്ള ആരോഗ്യ വകുപ്പിലെ ഏതൊരു ഉദ്യോഗസ്ഥനും സാംക്രമിക രോഗ നിയന്ത്രണത്തിനുവേണ്ടി ഏത് സ്ഥാപനവും സ്ഥലവും പരിശോധിക്കാമെന്ന ഒരു സാഹചര്യമാണ് ഇപ്പോൾ നിലവിലുള്ളത്. അതനുസരിച്ച് കേരളത്തിൽ ആരോഗ്യ വകുപ്പ് 'സേഫ് കേരള' എന്ന പദ്ധതിക്ക് രൂപം കൊടുത്തു. അതിന്റെ ഭാഗമായി സ്കൂളുകൾ, ഹോട്ടലുകൾ, ഭക്ഷണ സാധനങ്ങൾ വിൽക്കുന്ന ഈറ്ററീസ്, അന്യസംസ്ഥാന തൊഴിലാളികളുടെ താമസസ്ഥലവും തൊഴിൽ സ്ഥലവും, ലാബുകൾ, ആശുപത്രികൾ, ക്ലിനിക്കുകൾ, ഒരു ഡോക്ടർ മാത്രമുള്ള കിടത്തി ചികിത്സയില്ലാത്ത ആശുപത്രികൾ, ദന്തൽ ക്ലിനിക്കുകൾ എന്നിവിടങ്ങളിൽ വളരെ ശക്തമായ പരിശോധനകൾ നടത്തുവാൻ ഗവൺമെന്റിന് കഴിഞ്ഞിട്ടുണ്ട്. പരിശോധന നടത്തിയശേഷം അവർക്ക് ഇൻസ്ട്രക്ഷൻസും പരിഹരിക്കുന്നതിനുള്ള സമയവും കൊടുക്കും എന്നിട്ടും റെക്ടിഫൈ ചെയ്തില്ലെങ്കിൽ വേണ്ട നടപടികൾ സ്വീകരിക്കും. കേരളത്തിലെ 10,680 സ്കൂളുകളിൽ സേഫ് കേരള പദ്ധതിയുടെ ഭാഗമായി ഇൻസ്പെക്ഷൻ നടത്തിയിട്ടുണ്ട്. 4,229 നോട്ടീസുകൾ കൊടുത്തിട്ടുമുണ്ട്. 21,335 ഈറ്ററീസിൽ ഇൻസ്പെക്ഷൻ നടത്തുകയും 5,413 നോട്ടീസുകൾ

കൊടുക്കുകയും 174 തട്ടുകടകൾപോലുള്ള സ്ഥാപനങ്ങൾ ക്ലോസ് ചെയ്യുകയും ചെയ്തിട്ടുണ്ട്. അതുപോലെ തന്നെ ഇമിഗ്രൻസ് ക്യാമ്പ്, 8,718 സ്ഥലത്ത് ഇൻസ്പെക്ഷൻ നടത്തി 1,896 നോട്ടീസ് കൊടുത്തു. 23 സ്ഥലത്ത് അടച്ചു പൂട്ടി. 4200 ഓളം പ്രൈവറ്റ് ലാബുകളിൽ ഇൻസ്പെക്ഷൻ നടത്തിയിട്ടുണ്ട്. 1,121 നോട്ടീസ് നൽകുകയും 120 എണ്ണം അടച്ചുപൂട്ടുകയും ചെയ്തു. സംസ്ഥാനവ്യാപകമായി ഇൻസ്പെക്ഷൻ നടത്തുന്നതിന് വേണ്ടി ഡി.എം.ഒ.യുടെ നേതൃത്വത്തിൽ 'സേഫ് കേരള' എന്ന പദ്ധതിക്ക് രൂപം കൊടുത്തുകൊണ്ട് ശക്തമായ നടപടികൾ ഇപ്പോൾതന്നെ സ്വീകരിച്ചുകൊണ്ടിരിക്കുകയാണ്.

ശ്രീമതി ഇ. എസ്. ബിജി മോൾ:സർ, സ്വകാര്യലാബുകളിലെ ഫീസ് ഏകീകരിക്കൽ നടപടിയുമായി മുന്നോട്ട് പോകുമ്പോൾ ഉണ്ടാകുന്ന പ്രശ്നം ഓരോ ലാബുകളിലെയും സൗകര്യങ്ങൾ വ്യത്യസ്തമാണെന്നതാണ്. പ്രൈവറ്റ് ആശുപത്രികളിൽ ഏകീകരണം ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് ബില്ലിലെ ഭാഗമായി പറഞ്ഞിട്ടുള്ളതാണ്. സ്വകാര്യ ആശുപത്രികളിലെ ബില്ലുകളിലും ചാർജ് ഈടാക്കുന്നതിനും ഒരു ഏകീകൃത സ്വഭാവം ഉണ്ടാക്കണം. ഹോട്ടലുകളിൽ ഇക്കാര്യം കൊണ്ടുവരുന്നതിന് ശ്രമിച്ചപ്പോൾ പല തരത്തിലുള്ള എതിർപ്പുകൾ പല ഭാഗത്തുനിന്നുമുണ്ടായി. സബ്ജക്ട് കമ്മിറ്റിയിൽ തന്നെ ഇക്കാര്യം വളരെ വിശദമായി

ചർച്ച ചെയ്തതാണ്. 2010-ൽ സെൽടൽ ആക്ട് വന്നപ്പോൾ തന്നെ ഇതുമായി ബന്ധപ്പെട്ട ഒട്ടനവധി വിഷയങ്ങൾ ഗവൺമെന്റിനുമുന്നിൽ ചൂണ്ടികാണിക്കുകയും ആ പ്രശ്നങ്ങൾക്ക് പരിഹാരം ഉണ്ടാക്കുകയും ചെയ്തതാണ്. എന്നാൽ ഈ പ്രശ്നങ്ങൾക്ക് പരിഹാരമുണ്ടാക്കാൻ ശ്രമിക്കാതെ ഇൻസ്പെക്ഷൻരാജുമായി ഇറങ്ങിത്തിരിക്കുന്ന സാഹചര്യമാണ് ഉണ്ടായിട്ടുള്ളത്. ആളുകളുടെ ഇടയിൽ ഇത് വലിയ ആശങ്കയ്ക്ക് ഇടയാക്കിയിട്ടുണ്ട്. പ്രത്യേകിച്ച് വലിയ കുത്തക ലാബുകളെ സഹായിക്കുന്നതിനുവേണ്ടിയാണ് ഇത്തരത്തിലുള്ള നിലപാടുകൾ ഉദ്യോഗസ്ഥരുടെ ഭാഗത്ത് നിന്നുമുണ്ടാകുന്നതെന്ന തരത്തിലുള്ള ആക്ഷേപവും ഈ രംഗത്ത് പ്രവർത്തിക്കുന്ന ആളുകൾ ഉയർത്തുന്നു. നിലവിൽ ഗവൺമെന്റ് നടപടി സ്വീകരിക്കുമ്പോഴുണ്ടാകുന്ന അസൗകര്യങ്ങളുടെ അടിസ്ഥാനത്തിൽ അവരുടെ ആശങ്കകൾ പരിഹരിക്കുന്നതിനായി ഗവൺമെന്റ് ബന്ധപ്പെട്ട അസോസിയേഷനുകളുമായി ചർച്ചയ്ക്ക് തയ്യാറാകുമോ?

<u>ശ്രീ. വി. എസ്. ശിവകുമാർ</u>: സർ, സംഘടനകളുമായി പലവട്ടം ചർച്ചകൾ നടത്തി അവരുടെ ആശങ്കകൾ ദൂരീകരിക്കുന്നതിനുവേണ്ടി അവരുടെ നിർദ്ദേശങ്ങൾകൂടി ഉൾക്കൊള്ളിച്ചുകൊണ്ടാണ് ഡ്രാഫ്റ്റ് തയ്യാറാക്കിയിട്ടുള്ളത്. എന്നിരുന്നാലും അസംബ്ലിയിൽ ഇതിന്റെ ചർച്ച വരുമ്പോൾ എം.എൽ.എ.മാർക്ക്

ഇതുമായി ബന്ധപ്പെട്ട് ഉത്കണ്ഠ ഉണ്ടെങ്കിൽ ചർച്ച ഉരുത്തിരിഞ്ഞുവരുന്ന സാഹചര്യമനുസരിച്ച് അത് പരിശോധിക്കാം.

ശ്രീ. സി. എഫ്. തോമസ്:സർ, സ്വകാര്യ സ്കാനിംഗ് സെന്ററുകളിൽ പലയിടത്തും സ്കാനിംഗിന് അമിതമായ ഫീസാണ് വാങ്ങുന്നത്. ഗവൺമെന്റ് പോളിസി എന്ന നിലയിൽ മെഡിക്കൽ കോളേജ്, ജനറൽ ആശുപത്രി, ജില്ലാ ആശുപത്രി എന്നിവിടങ്ങളിലെങ്കിലും സ്കാനിംഗ് സൗകര്യമുണ്ടാക്കാനുള്ള നടപടി സ്വീകരിക്കുമോ; കേന്ദ്ര ഗവൺമെന്റിന്റെ ഏതെങ്കിലും പദ്ധതികളിൽപ്പെടുത്തി ആവശ്യമായ ഫണ്ട് ലഭ്യമാക്കാനുള്ള നടപടി ഉണ്ടാകുമോ?

ശ്രീ. വി. എസ്. ശിവകുമാർ: സർ, കേരളത്തിലെ എല്ലാ മെഡിക്കൽ കോളേജുകളിലും എല്ലാ ജനറൽ ഹോസ്പിറ്റലിലും സി.ടി. സ്കാൻ നിലവിലുണ്ട്. കോട്ടയം, ഇടുക്കി ജില്ലകളിലെ ജനറൽ ഹോസ്പിറ്റലിലാണ് ആ സൗകര്യം ഇല്ലാത്തത്. കോട്ടയം ജനറൽ ആശുപത്രിയിൽ ഉടൻതന്നെ സി.ടി. സ്കാൻ സ്ഥാപിക്കുന്നതിനുവേണ്ടിയുള്ള നടപടി എടുത്തിട്ടുണ്ട്. അടുത്ത ഘട്ടത്തിൽ ഇടുക്കിയിലും സി.ടി. സ്കാൻ സ്ഥാപിക്കും. എം.ആർ.ഐ സ്കാൻ എല്ലാ മെഡിക്കൽ കോളേജുകളിലും എറണാകുളം ജനറൽ ഹോസ്പിറ്റലിലും നിലവിലുണ്ട്. അടുത്തഘട്ടത്തിൽ സാമ്പത്തിക കാര്യങ്ങൾ കൂടി ഉൾക്കൊണ്ടുകൊണ്ട് ജനറൽ

ആശുപത്രിയിലും ജില്ലാ ആശുപത്രിയിലും ഇത് നടപ്പാക്കുന്നതിനുവേണ്ടിയുള്ള നടപടി സ്വീകരിക്കുന്നതാണ്.

ശ്രീ. മാത്യു റ്റി. തോമസ്:സർ, സ്വകാര്യ ലാബുകളിൽ ഫീസ് ഈടാക്കുന്നത് ചെലവുമായി ഏതൊരു പൊരുത്തവുമില്ലാത്തതരത്തിലാണ്. വലിയ ലാഭമാണ് ലാബുകൾ നേടുന്നത്. സർക്കാർ ആശുപത്രികളിലെ ലാബുകളിൽ പരിശോധനയ്ക്കുള്ള റീഏജന്റ്സ് ലഭ്യമാക്കികൊടുക്കാത്തതുകൊണ്ട് അവിടെ പലപ്പോഴും പരിശോധന നടത്താൻ കഴിയാത്ത അവസ്ഥയുണ്ട്. റീഏജന്റ്സ് വാങ്ങാനുള്ള പരിപൂർണ്ണമായ ഉത്തരവാദിത്വം അതാത് ആശുപത്രികളിലെ എച്ച്.എം.സി.കൾക്കാണ്. എച്ച്.എം.സി.കൾ ചിലയിടത്തൊക്കെ ഫീസ് ഈടാക്കികൊണ്ട് റീഏജന്റ്സ് വാങ്ങുന്നതിനുള്ള സംവിധാനമൊരുക്കുന്നുണ്ട്. എന്നാൽ ചിലയിടത്ത് ഫീസ് ഈടാക്കുന്നില്ല. അവിടെയൊരു ഏകീകരണമില്ല. സർക്കാർ ആശുപത്രികളിലെ ലാബുകളിലും ഈ ഫീസിന് ഒരു ഏകീകരണമില്ല. കാരണം ഫീസ് തീരുമാനിക്കുന്നത് എച്ച്.എം.സി.കളാണ്. അതുകൊണ്ട് സർക്കാർ ആശുപത്രികളിലെ ലാബുകളിൽ ഒന്നുകിൽ ഫീസില്ലാതെ കൊടുക്കാൻ തക്കവണ്ണം റീഏജന്റ്സ് ഗവൺമെന്റ് സപ്ലൈ ചെയ്യുകയോ അല്ലെങ്കിൽ എല്ലാ സർക്കാർ ലാബുകളിലും ഒരേ ഫീസ് എന്ന ആശയം നടപ്പിലാക്കാൻ ഗവൺമെന്റ് ശ്രമിക്കുമോ?

ശ്രീ. വി. എസ്. ശിവകുമാർ: സർ, പ്രധാനപ്പെട്ട ആശുപത്രികളായ മെഡിക്കൽ കോളേജുകളിലും ജനറൽ ആശുപത്രികളിലുമൊക്കെ നിശ്ചിതമായ ഫീസ് ഉണ്ട്. ബി.പി.എൽ-കാർക്ക് ഫ്രീയായാണ് ടെസ്റ്റ് നടത്തുന്നത്. എ.പി.എൽ-കാർക്കും വളരെ തുച്ഛമായ ചാർജ്ജാണ് ഉള്ളത്. 5/-രൂപ മുതൽ 15/-രൂപവരെയാണ് ലാബ് ടെസ്റ്റിന് ഈടാക്കുന്നത്. അടുത്തകാലത്ത് മറ്റുള്ള എല്ലാ മേഖലയിലും ചാർജ് വർദ്ധനയുണ്ടായപ്പോൾ ആരോഗ്യ വകുപ്പിൽ അത് വേണ്ടായെന്ന് തീരുമാനിച്ചു. വളരെ മുമ്പ് നിശ്ചയിച്ച ചാർജ് തന്നെയാണ് ഇപ്പോഴുമുള്ളത്. റീ-ഏജന്റ്സിന്റെ കാര്യമെന്താണെന്ന് പരിശോധിക്കാം. എച്ച്.എം.സി.കളും എച്ച്.ഡി.സി.കളുമാണ് റേറ്റുകൾ തീരുമാനിക്കുന്നത്. ആശുപത്രി വികസന സമിതികളുടെ നടത്തിപ്പുമായി ബന്ധപ്പെട്ട് അവിടുത്തെ ജനപ്രതിനിധികളുമടക്കമുള്ള കമ്മിറ്റികളാണ് ഇക്കാര്യം തീരുമാനിക്കുന്നത്. എന്തായാലും അതിനെക്കുറിച്ചൊരു പരിശോധന ഗവൺമെന്റ് നടത്തുന്നതാണ്.

ശ്രീ. കെ. മുരളീധരൻ: സർ, പാവപ്പെട്ട രോഗികൾ സ്വകാര്യ സ്കാനിംഗ് സെന്ററുകളെ ആശ്രയിക്കുന്നതിനുള്ള പ്രധാന കാരണം മെഡിക്കൽ കോളേജുകളിലും ജനറൽ ആശുപത്രികളിലുമുള്ള സ്കാനിംഗ് സെന്ററിൽ ഭയങ്കര തിരക്കായതുകൊണ്ടാണ്. ദിവസങ്ങളോളം സ്കാനിംഗിനുവേണ്ടി കാത്തിരിക്കേണ്ടി

വരുന്നു. ഇതൊഴിവാക്കുന്നതിനുവേണ്ടി മെഡിക്കൽ കോളേജുകളിലും ജനറൽ ആശുപത്രികളിലും ഹിന്ദുസ്ഥാൻ ലാറ്റക്സ് പോലുള്ള പൊതുമേഖലാ സ്ഥാപനങ്ങൾ സ്ഥലം അനുവദിക്കുകയാണെങ്കിൽ സ്കാനിംഗ് മെഷീൻ സ്ഥാപിക്കാമെന്ന് ഗവൺമെന്റിനെ അറിയിച്ചിട്ടുണ്ട്. മാത്രമല്ല, ഗവൺമെന്റ് നിശ്ചയിക്കുന്ന ഫീസ് മാത്രമെ ഈടാക്കുകയുള്ളൂവെന്നും അവർ സൂചിപ്പിച്ചിട്ടുണ്ട്. അത് ഗവൺമെന്റിന്റെ പരിഗണനയിലുണ്ടോ; എന്ത് നടപടിയാണ് സ്വീകരിക്കാനുദ്ദേശിക്കുന്നത്?

ശ്രീ. വി. എസ്. ശിവകുമാർ: സർ, ഇപ്പോൾ തിരുവനന്തപുരത്ത് ഒരു എം.ആർ.ഐ. സ്കാനിംഗ് മെഷീൻ ഉണ്ട്. ഒരു മെഷീൻകൂടി ഇൻസ്റ്റാൾ ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചുകൊണ്ടിരിക്കുകയാണ്. വളരെ പെട്ടെന്ന് തന്നെ ഒരു എം.ആർ.ഐ. സ്കാനിംഗ് മെഷീൻകൂടി സ്ഥാപിക്കുന്നതാണ്. എച്ച്.എൽ.എൽ. പോലുള്ള പൊതുമേഖലാ സ്ഥാപനങ്ങൾ സ്ഥലം ലഭ്യമാക്കിയാൽ സ്കാനിംഗ് മെഷീൻ സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിക്കാമെന്ന് പറഞ്ഞ് ഗവൺമെന്റിനെ സമീപിച്ചിട്ടുണ്ട്. അവരുമായി ചർച്ച നടത്തി, അവരും ഫീസും ഈടാക്കുന്നുണ്ട്. നിശ്ചിതമായ ഒരു ഫീസിനകത്തുനിന്നുകൊണ്ട് അതായത് ഗവൺമെന്റ് നിശ്ചയിച്ചിട്ടുള്ള ഒരു ഫീസുണ്ട്, ഇപ്പോൾ എം.ആർ.ഐ. സ്കാനിംഗിന്, ബ്രെയിൻ സ്കാൻ ചെയ്യുന്നതിന് സാധാരണഗതിയിൽ 8000/- രൂപ മുതൽ 11,000/- രൂപവരെ

ഫീസ് ഉണ്ടെങ്കിലും എച്ച്.എൽ.എൽ.മായി ബന്ധപ്പെട്ടുവരുമ്പോൾ അവർ കൂടുതൽ ഫീസ് ഈടാക്കുന്നു. ആ കാര്യങ്ങളൊക്കെ നിലവിലുണ്ട്. എന്നിരുന്നാലും ഗവൺമെന്റ് നിരക്കിൽ ഈ കാര്യങ്ങൾ ചെയ്യുന്നതിനുവേണ്ടിയുള്ള നടപടി സ്വീകരിക്കുന്നതാണ്. എം.ആർ.ഐ. സ്കാനിംഗ് ബി.പി.എൽ. വിഭാഗത്തിൽപ്പെട്ടവർക്ക് ഇപ്പോഴും സൗജന്യമാണ്. ഇക്കാര്യം ഗവൺമെന്റ് ആലോചിക്കുന്നതാണ്. ഫീസിന്റെ വ്യത്യാസം വരുന്നുണ്ട്. എച്ച്.എൽ.എൽ.മായി സംസാരിച്ചപ്പോഴും ഉയർന്ന ഫീസാണ് അവർ പറയുന്നത്, സംസാരിച്ച ശേഷം പരിഗണിക്കപ്പെടാൻ കഴിയുന്ന ഒരു സാഹചര്യമുണ്ടെങ്കിൽ തീർച്ചയായും അക്കാര്യത്തെക്കുറിച്ച് ആലോചിക്കുന്നതാണ്.

<u>ശ്രീ. എ. കെ. ശശീന്ദ്രൻ:</u> സർ, അങ്ങ് ഇവിടെ മറുപടി പറഞ്ഞപ്പോൾ പഞ്ചായത്തുകളുടെ അംഗീകാരം പോലുമില്ലാതെ അഞ്ഞൂറോളം ലാബുകൾ പ്രവർത്തിക്കുന്നതായി പ്രാഥമിക പരിശോധനയിൽ ബോദ്ധ്യപ്പെട്ടിട്ടുണ്ടെന്ന് പറഞ്ഞു. അങ്ങനെയുള്ള ലാബുകളെ നിയന്ത്രിക്കാൻ ഈ ബിൽ വരുന്നതുവരെ കാത്തിരിക്കേണ്ടതുണ്ടോ; പഞ്ചായത്ത് വകുപ്പുമായി സഹകരിച്ച്, അങ്ങനെ ഒരു അംഗീകാരവുമില്ലാതെ കേരളത്തിൽ ഒരു ലാബിനും പ്രവർത്തിക്കാൻ കഴിയില്ലായെന്ന കാര്യമെങ്കിലും ഉറപ്പുവരുത്താൻ സർക്കാരിന് സാധിക്കുമോ?

ശ്രീ. വി. എസ്. ശിവകുമാർ:സർ, ആരോഗ്യ വകുപ്പിന് ഇക്കാര്യത്തിൽ നേരിട്ടൊന്നും ചെയ്യാൻ കഴിയുന്ന സാഹചര്യമില്ല. എന്തായാലും പഞ്ചായത്ത്, തദ്ദേശ സ്വയംഭരണ വകുപ്പുകൾ എന്നിവയുടെ ചുമതല വഹിക്കുന്ന മന്ത്രിമാരുമായി ഈ കാര്യത്തെക്കുറിച്ച് ചർച്ച നടത്തി ഇതിനു വേണ്ട നടപടി സ്വീകരിക്കുന്നതാണ്.

ശ്രീ. പി. ഉബൈദുള്ള: സർ, സ്വകാര്യ ലാബുകൾ കാര്യക്ഷമമായി പ്രവർത്തിക്കുന്നതുമായി ബന്ധപ്പെട്ടും ഫീസ് ഏകീകരിക്കുന്നതുമായി ബന്ധപ്പെട്ടും സർക്കാർ സ്വീകരിക്കുന്ന നടപടികളെ സംബന്ധിച്ച് അങ്ങിവിടെ വിശദീകരിക്കുകയുണ്ടായി. എന്നാൽ മലപ്പുറത്ത് പുതുതായി അനുവദിച്ച പബ്ലിക് ഹെൽത്ത് ലാബിന്റെ കാര്യമാണ് എനിക്ക് ചോദിക്കാനുള്ളത്. അതിനാവശ്യമായ കെട്ടിടം സിവിൽ സ്റ്റേഷനിൽ സജ്ജീകരിച്ചിട്ടുണ്ട്. എന്നാൽ ആവശ്യമായ സ്റ്റാഫിനെ ഇതുവരെ നിയമിച്ചിട്ടില്ല. ആയതിനാൽ ആവശ്യമായ സ്റ്റാഫിനെ നിയമിച്ച് മലപ്പുറത്ത് പുതുതായി അനുവദിച്ച് പബ്ലിക് ഹെൽത്ത് ലാബിന്റെ പ്രവർത്തനം എത്രയും പെട്ടെന്ന് ആരംഭിക്കുമോ?

ശ്രീ. വി. എസ്. ശിവകുമാർ: സർ, മലപ്പുറത്തും പത്തനംതിട്ടയിലുമായി രണ്ട് ലാബുകളാണ് പുതുതായി തുടങ്ങാൻ ഉദ്ദേശിക്കുന്നത്. അവിടെ ആവശ്യമായ സ്റ്റാഫുകളെ നിയമിച്ച് ലാബിന്റെ പ്രവർത്തനം തുടങ്ങുന്നതിലേയ്ക്കുവേണ്ടിയുള്ള

നടപടികൾ അടിയന്തിരമായി തന്നെ സ്വീകരിക്കുന്നതാണ്.

ശ്രീ. വി. ശിവൻകുട്ടി: സർ, കേരളത്തിൽ 4168 ലാബുകളെന്നുള്ള അങ്ങ് പറഞ്ഞ കണക്ക് ശരിയാവണമെന്നില്ല. അതിന്റെ ഇരട്ടിയോളം ലാബുകൾ കേരളത്തിലുണ്ട്. നേരത്തെ ഇവിടെ സൂചിപ്പിച്ചതുപ്പോലെ, എല്ലാ ബസ് സ്റ്റാൻഡുകളിലും വാഹനങ്ങളിൽ ഈ പരിശോധന നടത്തുന്നതിനുള്ള സംവിധാനങ്ങളുണ്ട്. ഇവരിൽ യാതൊരു ക്വാളിഫിക്കേഷനും ഇല്ലാത്തവരുമുണ്ട്. ഒരു മെഡിക്കൽ കോളേജ് കുറച്ചാലും കുഴപ്പമില്ല, ഒരു പ്രശ്നവും സംഭവിക്കാനില്ല. പൊതുആരോഗ്യം ഒരു സേവനമാക്കി ഗവൺമെന്റിന് മാറ്റേണ്ടതായിട്ടുണ്ട്. കേരളത്തിലെ ഗവൺമെന്റ് ആശുപത്രികളിൽ പരിശോധനാ സംവിധാനം കൂടുതൽ മെച്ചപ്പെടുകയും കൂടുതൽ യന്ത്രങ്ങൾ വാങ്ങുന്നതിനുവേണ്ടിയുള്ള സംവിധാനവും ഉണ്ടാകണം. മെഡിക്കൽ കോളേജുകളിൽ ഒരു ദിവസം 20 പേർക്കു പോലും സ്കാനിംഗ് നടത്താനാകുന്നില്ല. സ്വകാര്യ ലാബുകൾ തഴച്ചു വളരുന്നതിന്റെ ഏറ്റവും പ്രധാനപ്പെട്ട കാരണം ഡോക്ടർമാരാണ്. ഈ ഡോക്ടർമാരാണ് ഇന്ന ലാബിൽ പോകണമെന്ന് എഴുതി കൊടുത്തുവിടുന്നത്. അതിനുകൂടി നിയന്ത്രണം വരാതെ ഈ സ്വകാര്യ ലാബുകളെ നിയന്ത്രിക്കാൻ നമുക്ക് കഴിയില്ലെന്ന കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ എന്ന് എനിക്ക് സംശയമുണ്ട്.

ശ്രീ. വി. എസ്. ശിവകുമാർ: സർ, ഇക്കാര്യങ്ങൾ തീർച്ചയായും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇക്കാര്യത്തിൽ വളരെ വ്യക്തമായ കാഴ്ചപ്പാടോടു കൂടിയാണ് കേരളത്തിലെ ഗവൺമെന്റ് മുന്നോട്ട് പോകുന്നത്. രോഗങ്ങൾ കണ്ടുപിടിക്കുന്നതിന് ലാബുകളാണ് ഏറ്റവും പ്രധാനപ്പെട്ട ഉത്തരവാദിത്വം നിറവേറ്റുന്നത്. പരിശോധനയിലൂടെ മാത്രമേ ഡോക്ടർമാർക്ക് ചികിത്സ നിർദ്ദേശിക്കാൻ കഴിയുകയുള്ളൂ. അതിന്റെ പശ്ചാത്തലത്തിൽ..... നമുക്ക് ഇപ്പോൾ മെഡിക്കൽ കോളേജുകളിലും ജനറൽ ആശുപത്രികളിലും ജില്ലാ ആശുപത്രികളിലും താലൂക്ക് ആശുപത്രികളിലും സി.എച്ച്.സി.-കളിലും ലാബുകളുണ്ട്. ലാബുകളുടെ സൗകര്യങ്ങൾ വർദ്ധിപ്പിക്കുക എന്ന ഉദ്ദേശത്തോടു കൂടി കേരളത്തിലെ 250 പ്രൈമറി ഹെൽത്ത് സെന്ററുകളിൽ ലാബ് തുടങ്ങുന്നതിലേയ്ക്കുവേണ്ടിയുള്ള നടപടികൾ ഈ ഗവൺമെന്റ് വന്നതിനുശേഷം സ്വീകരിച്ചിട്ടുണ്ട്. അതിൽ 51 സ്ഥലങ്ങളിൽ തുടങ്ങിക്കഴിഞ്ഞു. 66 സ്ഥലത്ത് രണ്ട് മാസത്തിനുള്ളിൽ തുടങ്ങും. ബാക്കിയുള്ള സ്ഥലങ്ങളിൽ 6 മാസത്തിനുള്ളിൽ തന്നെ തുടങ്ങും. അങ്ങനെ 250 ലാബുകളും കേരളത്തിൽ പ്രവർത്തിക്കുന്നതിലേയ്ക്കു വേണ്ടിയുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. അടുത്ത ഘട്ടമായി കേരളത്തിലെ മുഴുവൻ പ്രൈമറി ഹെൽത്ത് സെന്ററുകളിലും ലാബുകൾ സജ്ജീകരിക്കുന്നതിനുവേണ്ടിയുള്ള നടപടികളുമായി ഗവൺമെന്റ്

മുന്നോട്ടുപോകുകയാണ്. തീർച്ചയായും അത്തരത്തിലുള്ള ലാബുകൾ നിലവിൽ വരുമ്പോൾ ഈ പറഞ്ഞ പ്രശ്നങ്ങൾക്ക് പരിഹാരമുണ്ടാക്കാൻ കഴിയും. അതിന് വളരെ ശ്രദ്ധയാണ് ഗവൺമെന്റ് കൊടുക്കുന്നത്.

ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ: സർ, ഇവിടെ വന്ന ചോദ്യങ്ങളിലും ഉത്തരങ്ങളിലും നിന്ന് ഒരു കാര്യം വളരെ വ്യക്തമാണ്. രോഗനിർണ്ണയത്തിന് ഏറ്റവും പ്രധാനപ്പെട്ട ഈ മേഖലയ്ക്ക് വേണ്ടത്ര ശ്രദ്ധ ചെലുത്തുന്നില്ല എന്നത് യാഥാർത്ഥ്യമാണ്. സ്വകാര്യമേഖലയിലെ കാര്യങ്ങൾ വരുന്ന....... ഒരേ ടെസ്റ്റ് തന്നെ രണ്ട് ലാബുകൾ നടത്തിയാൽ വലിയ വ്യത്യാസം കാണുകയാണ്. പലപ്പോഴും അത് ജീവൻ കൊണ്ടുള്ള കളിയാണ്. മെഡിക്കൽ കോളേജുകളിലും പ്രധാന ആശുപത്രികളിലും സ്കാനിംഗും മറ്റു സൗകര്യങ്ങളുമൊക്കെയുണ്ടെന്ന് പറയുന്നുണ്ടെങ്കിലും പലയിടത്തും പ്രവർത്തനരഹിതമാണ്, ടെക്നീഷ്യന്മാരില്ല, അല്ലെങ്കിൽ ഉള്ള ഉപകരണം തന്നെ കേടാണ്. അതുകൊണ്ട് സമയബന്ധിതമായി പ്രധാനപ്പെട്ട ആശുപത്രികളിൽ എല്ലാ ടെസ്റ്റുകളും ഒരേ കുടക്കീഴിൽ കൊണ്ടുവരുന്ന ഒരു സംവിധാനം - അങ്ങനെ ഒരു പദ്ധതിക്ക് രൂപം കൊടുക്കുകയും എച്ച്.ഡി.സി.-യും എം.എൽ.എ.-മാരും ജനപ്രതിനിധികളും ബെനിഫിഷ്യറികളുമടങ്ങുന്ന സ്വമനസ്സായ ആളുകളുടെ സഹകരണത്തോടെ ഒരേ കുടക്കീഴിൽ എല്ലാ ലാബ്

സംവിധാനങ്ങളും ഉണ്ടാക്കുന്ന ഒരു പദ്ധതിക്ക് രൂപം കൊടുക്കുമോ?

ശ്രീ. വി. എസ്. ശിവകുമാർ: സർ, നമുക്ക് സംസ്ഥാനതലത്തിൽ സ്റ്റേറ്റ് പബ്ലിക് ഹെൽത്ത് ലാബ് തിരുവനന്തപുരത്തുണ്ട്. അതുപോലെ 3 റീജിയണൽ പബ്ലിക് ഹെൽത്ത് ലാബുകൾ എറണാകുളം, കോഴിക്കോട്, കണ്ണൂർ എന്നീ വിടങ്ങളിലുണ്ട്. രണ്ടെണ്ണം കൂടി പത്തനംതിട്ടയിലും മലപ്പുറത്തും തുടങ്ങുന്നതിലേയ്ക്കു വേണ്ടിയുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ജില്ലാ ലാബുകൾ കൊല്ലത്തും ആലപ്പുഴയിലുമുണ്ട്. അതുപോലെ ജില്ലാ ആശുപത്രി, ജനറൽ, ആശുപത്രി, താലൂക്ക് ആശുപത്രി, സി.എച്ച്.സി.-കളിൽ ലാബുകളുണ്ട്. പ്രൈമറി ഹെൽത്ത് സെന്ററുകളിലും ലാബ് തുടങ്ങുന്ന കാര്യത്തെക്കുറിച്ച് ഞാൻ സൂചിപ്പിക്കുകയുണ്ടായി. ലാബിന്റെ സൗകര്യങ്ങൾ പരമാവധി വർദ്ധിപ്പിക്കുന്നതിനുവേണ്ടിയുള്ള നടപടികൾ സ്വീകരിക്കുകയാണ്. സ്വകാര്യ ലാബുകളിൽ കാലാവധി കഴിഞ്ഞതോ ക്വാളിറ്റി ഇല്ലാത്തതോ ആയ റീഏജന്റ്സ് ഉപയോഗിക്കുന്ന സാഹചര്യമുണ്ട്. തീർച്ചയായും ഇക്കാര്യങ്ങളെക്കുറിച്ച് പരിശോധിക്കുന്നതിന്റെ ഭാഗമായാണ് ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് ബിൽ കൊണ്ടുവരുന്നത്. ഇത് ശ്രദ്ധയിൽപ്പെട്ടാൽ പരിമിതികൾക്കുള്ളിൽ നിന്ന് ആരോഗ്യവകുപ്പ് തീർച്ചയായും കർശനമായ നടപടികൾ സ്വീകരിക്കുന്നതാണ്.

<u>ശ്രീ. ബാബു എം. പാലിശ്ശേരി</u>: സർ, ഈ ബിൽ സ്വാഗതാർഹമാണ്. ബിൽ വരുന്നുവെന്ന് കേട്ടപ്പോൾ തന്നെ ഈ മേഖലയിൽ തൊഴിൽ ചെയ്യുന്ന വളരെ ആശങ്കാകുലരായ ആളുകൾ ഞങ്ങളെപ്പോലെയുള്ള ജനപ്രതിനിധികളെ സമീപിക്കുന്നുണ്ട്. പതിനായിരക്കണക്കിനാളുകൾ ഈ മേഖലയിൽ തൊഴിൽ ചെയ്യുന്നുണ്ട്. സർക്കാർ തന്നെ അംഗീകരിച്ചിട്ടുള്ള ലാബ് ടെക്നീഷ്യൻ കോഴ്സുകൾ പാസ്സായിട്ടുള്ള ആളുകളാണ്. പക്ഷേ ഈ നിയമം വരുന്നതോടു കൂടി ഇരുപതോ മുപ്പതോ വർഷമായി ജോലി ചെയ്യുന്നവരുടെ തൊഴിൽ ഇല്ലാതാകും എന്ന ആശങ്ക വളരെ ശക്തമായി നിലവിലുണ്ട്. ഒരു നിശ്ചിത കൊല്ലം ജോലി ചെയ്തയാളുകൾ എന്ന സർവ്വീസ് കണക്കിലെടുത്ത് അവരുടെ തൊഴിൽ ഉറപ്പുവരുത്തുന്നതിനുവേണ്ടിയുള്ള എന്തെങ്കിലും ഒരു സംവിധാനത്തെക്കുറിച്ച് ആലോചിക്കുമോ?

<u>ശ്രീ. വി. എസ്. ശിവകുമാർ</u>: സർ, സ്വകാര്യ ലാബുകളിൽ ജോലി ചെയ്യുന്ന ക്വാളിഫിക്കേഷനുള്ളയാളുകൾക്കെതിരെ ഗവൺമെന്റ് നടപടി സ്വീകരിക്കില്ല. അതുകൊണ്ട് തൊഴിൽപരമായ പ്രശ്നങ്ങളിൽ ബുദ്ധിമുട്ടുണ്ടാകില്ല. നിയമപരമായ നടപടികൾ സ്വീകരിക്കുമ്പോൾ ക്വാളിഫിക്കേഷനില്ലാത്തയാളുകൾ പിരിഞ്ഞുപോകേണ്ടി വരുമെന്നത് യാഥാർത്ഥ്യമാണ്. വളരെ കുറച്ച് മാത്രമേ

കാണുകേയുള്ളൂ എന്നാണ് ഗവൺമെന്റ് പ്രതീക്ഷിക്കുന്നത്. 5000-ത്തോളമുള്ള സ്വകാര്യ ലാബുകളിൽ ക്വാളിഫിക്കേഷനുള്ളവർക്ക് പ്രശ്നമുണ്ടാകുന്ന ഒരു സാഹചര്യവുമില്ല.

ആശുപത്രി മാലിന്യ സംസ്കരണത്തിനുള്ള സംവിധാനങ്ങൾ

(*362) ശ്രീ. സി. കെ. സദാശിവൻ:
ശ്രീ. എം. ചന്ദ്രൻ:
ശ്രീ. കെ. വി. അബ്ദുൾ ഖാദർ:
ശ്രീ. വി. ശിവൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആശുപത്രി മാലിന്യസംസ്കരണത്തിനായി സംസ്ഥാനത്തുള്ള സംവിധാനങ്ങൾ എന്തൊക്കെയാണ്;

(ബി) ഐ.എം.എ. സ്വകാര്യമേഖലയിൽ മാലിന്യസംസ്കരണത്തിനായി സ്ഥാപിച്ചിട്ടുള്ള സ്ഥാപനത്തെക്കുറിച്ച് ഉയർന്നുവന്നിട്ടുള്ള പരാതി അന്വേഷിച്ചിരുന്നോ?

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ): സർ,

(എ) സർക്കാർ മെഡിക്കൽ കോളേജുകളിൽ നിന്നും മറ്റ് ആശുപത്രികളിൽ

നിന്നും പ്രതിദിനം പുറംതള്ളുന്ന ബയോമെഡിക്കൽ മാലിന്യങ്ങൾ നിർമ്മാർജ്ജനം ചെയ്യുന്നത് പൊല്യൂഷൻ കൺട്രോൾ ബോർഡിന്റെയും സർക്കാരിന്റെയും അംഗീകാരത്തോടെ ഐ.എം.എ.-യുടെ ആഭിമുഖ്യത്തിൽ പ്രവർത്തിക്കുന്ന ഇമേജ് എന്ന സ്ഥാപനവുമായി ഒപ്പിട്ട കരാറിന്റെ അടിസ്ഥാനത്തിലാണ്. ബയോമെഡിക്കൽ മാലിന്യങ്ങൾ നീക്കം ചെയ്യുന്നതിന് ഒരു കിടക്കയ്ക്ക് ഒരു ദിവസം 3.50/- രൂപ (മൂന്ന് രൂപ അമ്പത് പൈസ) എന്ന നിരക്കിൽ നൽകി വരുന്നു.

ആശുപത്രിയിലെ ബയോമെഡിക്കൽ മാലിന്യങ്ങളായ സൂചികൾ, സിറിഞ്ചുകൾ, മരുന്നുകൾ, കോട്ടൻ കത്തിറ്റുകൾ, മനുഷ്യകോശാവശിഷ്ടങ്ങൾ തുടങ്ങിയവ വേർതിരിച്ച ശേഷം ഇവ ശേഖരിച്ച് ഇമേജ് സംവിധാനം വഴി സംസ്കരിക്കുന്നു. ചില ആശുപത്രികളിൽ ഇതിനുവേണ്ടി ഇൻസിനറേറ്ററുകൾ, ഷാർപ്പ് പിറ്റ് തുടങ്ങിയ സംവിധാനങ്ങളും നിലവിലുണ്ട്. പേപ്പർ, ഭക്ഷണാവശിഷ്ടങ്ങൾ, പ്ലാസ്റ്റിക് തുടങ്ങിയ ജനറൽ വേസ്റ്റുകൾ ആശുപത്രിയിൽ വച്ചു തന്നെ സംസ്കരിക്കുന്നു. ചില ആശുപത്രികളിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹായത്തോടെയും വേസ്റ്റ് സംസ്കരിക്കുന്നു. ദ്രവമാലിന്യങ്ങൾ സംസ്കരിക്കുന്നതിനുവേണ്ടി സീവേജ് ട്രീറ്റ്മെന്റ് പ്ലാന്റുകൾ ചില ആശുപത്രികളിൽ നിലവിലുണ്ട്. ജില്ലാ, താലൂക്ക് ആശുപത്രികളിലെ ഖരമാലിന്യനിർമ്മാർജ്ജന പ്രവർത്തനങ്ങൾ അതാത്

മുനിസിപ്പാലിറ്റി/കോർപ്പറേഷൻ/തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ എന്നിവയുടെ പ്രവർത്തനത്തിന്റെ ഭാഗമായാണ് നടന്നുവരുന്നത്. പി.എച്ച്.സി., സി.എച്ച്.സി. തുടങ്ങിയ ചെറിയ സ്ഥാപനങ്ങളിൽ നിലവിൽ സുരക്ഷിതമായി ബയോ മെഡിക്കൽ വേസ്റ്റ് മാനേജ്മെന്റ് ചട്ടങ്ങൾ അനുശാസിക്കുന്ന തരത്തിൽ ആഴത്തിൽ കുഴിച്ച് മൂടുകയോ കത്തിക്കുകയോ ആണ് ചെയ്യുന്നത്.

(ബി) അന്വേഷിച്ചിരുന്നു. പാലക്കാട് പുതുശ്ശേരി പഞ്ചായത്തിൽ ഐ.എം.എ.-യുടെ ഉടമസ്ഥതയിലുള്ള ഇമേജ് എന്ന മാലിന്യസംസ്കരണ യൂണിറ്റിൽ നിന്നും അണുവിമുക്തമാക്കിയതായി കരുതപ്പെടുന്ന ആശുപത്രി മാലിന്യങ്ങൾ 18.08.2014-ന് ലോറിയിൽ കയറ്റി കൊണ്ടുപോകുമ്പോൾ പൊതുവഴിയിൽ വീഴുകയും ലോറി ഡ്രൈവറെ അറസ്റ്റ് ചെയ്യുകയും ചെയ്തിരുന്നു. തുടർന്ന് ജില്ലാ ആർ.സി.എച്ച്. ഓഫീസർ സാമ്പിളുകൾ ശേഖരിക്കുകയും തൃശ്ശൂർ സർക്കാർ മെഡിക്കൽ കോളേജ് മൈക്രോ ബയോളജി വിഭാഗത്തിലേയ്ക്ക് വിദഗ്ധ പരിശോധനയ്ക്കായി അയയ്ക്കുകയും ചെയ്തു. കൂടാതെ ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം), ഡെപ്യൂട്ടി ജില്ലാ മെഡിക്കൽ ഓഫീസർ എന്നിവർ സംയുക്തമായി ഇമേജ് പ്ലാന്റിൽ അന്വേഷണം നടത്തുകയും ചെയ്തിരുന്നു. പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട് ഡോ. കെ. എസ്. പണിക്കർ എന്ന വ്യക്തി ബഹു. കേരളാ മനുഷ്യാവകാശ കമ്മീഷൻ മുമ്പാകെ പരാതി

നൽകുകയും പരാതിയിൽ പാലക്കാട് ജില്ലാ മെഡിക്കൽ ഓഫീസർ അന്വേഷണം നടത്തുകയും റിപ്പോർട്ട് മനുഷ്യാവകാശ കമ്മീഷൻ മുമ്പാകെ സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്.

ശ്രീ. സി. കെ. സദാശിവൻ: ആശുപത്രികളിലെ മാലിന്യസംസ്കരണ പ്രശ്നം നാട്ടിൻപുറങ്ങളിൽ ഗുരുതരമായ രോഗാവസ്ഥയാണ് സൃഷ്ടിച്ചിരിക്കുന്നത്. മെഡിക്കൽ കോളേജ് ആശുപത്രികൾ, ജനറൽ ആശുപത്രികൾ, ജില്ലാ ആശുപത്രികൾ, താലൂക്ക് ആശുപത്രികൾ, കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകൾ, പ്രൈമറി ഹെൽത്ത് സെന്ററുകൾ, സ്വകാര്യ ആശുപത്രികൾ, ലാബുകളടക്കം 5500-ൽപ്പരം വരുന്ന സ്ഥാപനങ്ങളിലെ മാലിന്യങ്ങളാണ് പാലക്കാട് മലമ്പുഴ യിലെ ഇമേജ് എന്ന സ്ഥാപനത്തിൽ സംസ്കരിച്ചു വരുന്നത്. ഇത് തീരെ പ്രായോഗികമല്ല, അപ്രായോഗികമാണ്. നാടിന്റെ വിവിധ പ്രദേശങ്ങളിൽ നിന്ന് മാലിന്യങ്ങൾ ഇവിടെ എത്തിക്കുക എന്നുള്ളത് വലിയ ബുദ്ധിമുട്ടുണ്ടാക്കുന്ന പ്രശ്നമാണ്. ഇത് വികേന്ദ്രീകരിച്ച് കോഴിക്കോട്, കൊച്ചി, തിരുവനന്തപുരം എന്നിവിടങ്ങളിൽ കൂടി മാലിന്യസംസ്കരണ പ്ലാന്റ് സ്ഥാപിക്കുമെന്ന് അങ്ങ് നിയമസഭയിൽ കഴിഞ്ഞ തവണ പ്രഖ്യാപിച്ചിരുന്നു. അത് ഇപ്പോൾ ഏത് ഘട്ടത്തിലായി എന്ന് വ്യക്തമാക്കുമോ?

<u>ശ്രീ. വി. എസ്. ശിവകുമാർ</u>: സർ, ഐ.എം.എ.യുടെ നേതൃത്വത്തിലുള്ള ഇമേജ് എന്ന സ്ഥാപനമാണ് ബയോമെഡിക്കൽ മാലിന്യം സംസ്കരിക്കുന്നത്. അടുത്തകാലത്ത് അതുമായി ബന്ധപ്പെട്ട് ചില പരാതികളുണ്ടായിട്ടുണ്ട്. ഒരു കിടക്കയ്ക്ക് മൂന്നര രൂപ വച്ചാണ് ഇമേജ് മാലിന്യം കളക്ട് ചെയ്യുന്നത്. പതിനായിരം കിടക്കകൾക്കാവശ്യമായുള്ള മാലിന്യം സംസ്കരിക്കുന്നതിനുള്ള സാഹചര്യമാണ് ഇമേജിലുള്ളത്. തീർച്ചയായും ഇന്നത്തെ ആവശ്യം കണക്കിലെടുത്ത് സംസ്കരണ പ്ലാന്റുകൾ സ്ഥാപിക്കേണ്ടതുണ്ട്. നമുക്കറിയാം, ഒരു സ്ഥലത്ത് മാലിന്യ സംസ്കരണത്തിന് വേണ്ടിയുള്ള നടപടികൾ സ്വീകരിക്കുമ്പോൾ ആ പ്രദേശത്തെ ആളുകൾ ഇതുമായി ഒരുതരത്തിലും സഹകരിക്കാത്ത സാഹചര്യം കേരളത്തിലെ എല്ലാ പ്രദേശങ്ങളിലുമുണ്ട്. പ്രത്യേകിച്ച് ബയോമെഡിക്കൽ മാലിന്യമെന്ന് പറയുമ്പോൾ കൂടുതൽ ഗുരുതരമായിട്ടുള്ള ആരോഗ്യപ്രശ്നങ്ങൾ ഉണ്ടാകുമെന്നുള്ള സൂചന ജനങ്ങൾക്കിടയിലുണ്ട്. എന്തായാലും ഇതിനകത്ത് രണ്ട് കാര്യങ്ങളാണുള്ളത്. ഒന്ന്, പൊല്യൂഷൻ കൺട്രോൾ ബോർഡിന്റെ അംഗീകാരത്തോടുകൂടിയാണ് ഈ സ്ഥാപനങ്ങൾ സ്ഥാപിക്കേണ്ടത്. അതിന്റെ ചുമതല വഹിക്കുന്ന ബഹുമാനപ്പെട്ട വൈദ്യുതി വകുപ്പുമന്ത്രി ഒരു പ്രാവശ്യം ഇതുമായി ബന്ധപ്പെട്ട് യോഗം വിളിച്ചു. അക്കാര്യം സംസാരിക്കുന്നതാണ്. എല്ലാ

സ്ഥലങ്ങളിലും ജനങ്ങളുടെ എതിർപ്പുണ്ട്. മറ്റൊരു പോംവഴിയെന്ന് പറയുന്നത് പതിനായിരം ബെഡ്ഡിനുവേണ്ടിയുള്ള സംസ്കരണശാലയാണ് ഉള്ളതെങ്കിലും അവിടത്തെ സൗകര്യങ്ങൾ കൂടുതൽ മെച്ചപ്പെടുത്തുന്നതിനെക്കുറിച്ച് ആലോചിക്കാം എന്നുള്ളതാണ് ഗവൺമെന്റ് ഉദ്ദേശിക്കുന്നത്.

<u>ശ്രീ. സി. കെ. സദാശിവൻ</u>: സർ, പാലക്കാടുള്ള ഇമേജിന്റെ സംസ്കരണ പ്ലാന്റിലേയ്ക്കെന്ന മട്ടിൽ കൊണ്ടുപോകുന്ന മാലിന്യങ്ങൾ ചതുപ്പുനിലങ്ങൾ, ജലാശയങ്ങൾ, പൊതുസ്ഥലങ്ങൾ തുടങ്ങിയ സ്ഥലങ്ങളിൽ തള്ളുന്നുവെന്ന സംഭവം അങ്ങയുടെ ഉത്തരത്തിൽ തന്നെയുണ്ട്. പരിസ്ഥിതിക്ക് വലിയ പ്രത്യാഘാതമുണ്ടാക്കുന്ന സംഭവമാണിത്. ഇങ്ങനെ വലിയ കുറ്റകൃത്യമാണ് ചെയ്യുന്നത്. വഴിയിൽ വലിച്ചെറിയുന്ന സംഭവങ്ങൾ വരെയുണ്ട്. ഇത് തടയുന്നതിനുവേണ്ടി എന്തെല്ലാം നടപടികളാണ് ഗവൺമെന്റ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

<u>ശ്രീ. വി. എസ്. ശിവകുമാർ</u>: സർ, ഇതുമായി ബന്ധപ്പെട്ട് പരാതിയുണ്ടായപ്പോൾ അത് പരിശോധിക്കുന്നതിന് വേണ്ട നടപടികൾ പൊല്യൂഷൻ കൺട്രോൾ ബോർഡുമായി ചേർന്ന് എടുത്തിട്ടുണ്ട്. പോലീസുമായി ചേർന്ന് ഒരു കേസ്സും എടുത്തിട്ടുണ്ട്. ഇതുസംബന്ധിച്ച് ഡി.എം.ഒ. പരിശോധന നടത്തി റിപ്പോർട്ടും

അവിടെ നൽകിയിട്ടുണ്ട്. ഇമേജ് മാലിന്യം ശേഖരിക്കുന്നത് ആരോഗ്യവകുപ്പുമായി ബന്ധപ്പെട്ട് കരാറിന്റെ അടിസ്ഥാനത്തിലാണ്. അത് കൃത്യമായി പാലിക്കപ്പെടുന്നുണ്ടോയെന്ന് കർശനമായി പരിശോധിക്കുന്നതിനുള്ള നടപടി സ്വീകരിക്കും. പാലക്കാട് ഡി.എം.ഒ. ഇതുമായി ബന്ധപ്പെട്ട് നാലഞ്ച് നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. അത് കർശനമായി പാലിക്കപ്പെടുന്നതിലേയ്ക്ക് വേണ്ടിയുള്ള നിർദ്ദേശം നൽകുന്നതാണ്.

ശ്രീ. എം. ചന്ദ്രൻ: സർ, മലമ്പുഴയിൽ സ്ഥാപിച്ചിട്ടുള്ള ഇമേജെന്ന മാലിന്യ സംസ്കരണ പ്ലാന്റ് ഗുരുതരമായ പ്രശ്നങ്ങളാണ് സമീപവാസികൾക്ക് സൃഷ്ടിച്ചുകൊണ്ടിരിക്കുന്നത്. ജനങ്ങൾക്ക് മാത്രമല്ല, പാലക്കാട് ടൗണിലേയ്ക്ക് കുടിവെള്ളം എത്തിക്കുന്നത് മലമ്പുഴ ഡാമിന്റെ റിസർവോയറിൽ നിന്നാണ്. ഈ മാലിന്യങ്ങൾ തുറസ്സായ സ്ഥലത്താണ് നിക്ഷേപിക്കുന്നത്. അതിൽ മഴ പെയ്തും മറ്റ് രൂപത്തിലും വെള്ളമൊഴുകി മലമ്പുഴ റിസർവോയറിലേയ്ക്കാണ് എത്തുന്നത്. അങ്ങനെ മലമ്പുഴ റിസർവോയർ വരെ മാലിന്യമായി തീരുന്ന സ്ഥിതിയിലാണ് ഇമേജിന്റെ സ്ഥാപനം ഇവിടെ പ്രവർത്തിക്കുന്നത്. അതുമാത്രമല്ല, എറണാകുളം മുതൽ കണ്ണൂർ, കാസർഗോഡ് വരെയുള്ള എല്ലാ സ്ഥലങ്ങളിൽ നിന്നുമുള്ള ആശുപത്രി മാലിന്യങ്ങളാണ് ഇമേജ് എന്ന സ്ഥാപനത്തിൽ കൊണ്ടുവന്ന് സംസ്കരിക്കുന്നത്.

ഇവിടെ ജൈവമാലിന്യങ്ങളും അജൈവമാലിന്യങ്ങളും വേർതിരിച്ചാണ് സംസ്കരിക്കുന്നത്. ഇൻസിനറേറ്ററുകൾ വച്ച് ജൈവ മാലിന്യങ്ങൾ കത്തിക്കുന്നത് അന്തരീക്ഷ മലിനീകരണം ഉണ്ടാക്കുന്നു. മാത്രമല്ല, നായ്ക്കളും അതുപോലെ പക്ഷികളും തുറസ്സായ സ്ഥലത്തുനിന്ന് കടിച്ചുവലിച്ചുകൊണ്ടുപോയി ജനങ്ങളുടെ വാസസ്ഥലങ്ങളിൽ ഉപേക്ഷിച്ചിട്ട് പോകുന്ന സ്ഥിതിയുണ്ട്. വലിയ ദുരിതമാണ് അവിടെയുള്ള ജനങ്ങൾക്ക്. ബഹുമാനപ്പെട്ട മന്ത്രി തന്നെ പറഞ്ഞത്, സിറിഞ്ചുകളൊക്കെ ലോറിയിൽ കൊണ്ടുപോകുമ്പോൾ ആളുകൾ തടഞ്ഞുനിർത്തി പിടിച്ചുവെന്നുള്ളത്. രക്തക്കറയുള്ള സിറിഞ്ചുകളാണ് റോഡിലൂടെ കൊണ്ടുപോകുന്നത്. അത്തരത്തിൽ ഗൗരവതരമായ മാലിന്യ പ്രശ്നമാണ് അവിടെ നേരിടുന്നത്. അതുകൊണ്ട് എല്ലാം മാലിന്യങ്ങൾ മലമ്പുഴയിലുള്ള ഇമേജ് എന്ന സ്ഥാപനത്തിൽ എത്തിച്ച് സംസ്കരിക്കുന്ന സ്ഥിതി വരാതിരിക്കാൻ ഓരോ ജില്ലയിലും ഉണ്ടാകുന്ന മാലിന്യങ്ങൾ അവിടെത്തന്നെ സംസ്കരിച്ച് ജനങ്ങളെ സംരക്ഷിക്കുന്നതിനുവേണ്ടിയുള്ള എന്തെങ്കിലും നടപടി അങ്ങയുടെ ഭാഗത്തുനിന്ന് ഉണ്ടാകുമോ?

<u>ശ്രീ. വി. എസ്. ശിവകുമാർ</u>: സർ, ഇക്കാര്യത്തിൽ ഞാൻ നേരത്തേ മറുപടി പറഞ്ഞു. 1986-ലെ Environmental Protection Act അനുസരിച്ചാണ്

ഇതിനുവേണ്ടുന്ന നടപടികൾ സ്വീകരിച്ചിട്ടുള്ളത്. അവിടെ ബയോമെഡിക്കൽ മാലിന്യം സംസ്കരിക്കുന്നതിുവേണ്ടി, ചട്ടങ്ങൾ അനുസരിച്ച് ശേഖരിക്കുകയും സംസ്കരിക്കുകയും ചെയ്യുകയെന്നുള്ള നടപടിയാണ് സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. അത് പൊതുജനത്തിനോ സമൂഹത്തിനോ യാതൊരു വിധത്തിലുള്ള ആരോഗ്യപ്രശ്നങ്ങളും ഉണ്ടാകാത്ത രീതിയിൽ പൊല്യൂഷൻ കൺട്രോൾ ബോർഡും ആരോഗ്യവകുപ്പും സംയുക്തമായി ചേർന്നുകൊണ്ട് അതിലേയ്ക്ക് വേണ്ടുന്ന നടപടികൾ സ്വീകരിക്കുന്നത്. അക്കാര്യത്തിൽ പോലീസ് ഡിപ്പാർട്ടുമെന്റിന്റെ സഹായം ആവശ്യമാണെങ്കിൽ അവരുടെ സഹായവും സ്വീകരിക്കും. പതിനായിരത്തോളം ബെഡ് മാലിന്യ സംസ്കരണ ശേശിയാണ് അവിടെയുള്ളത്. കൂടുതൽ തലങ്ങളിലേയ്ക്ക് ഇമേജുമായി ചർച്ച ചെയ്ത്, ഐ.എം.എ.യുമായി സംസാരിച്ച് സ്ഥാപിക്കുന്നതിലേയ്ക്കുള്ള ആലോചനകൾ നടത്താം. തീർച്ചയായും ഇപ്പോൾ ഉണ്ടാകുന്ന ബയോമെഡിക്കൽ മാലിന്യമാണ്. മറ്റ് മാലിന്യം സംസ്കരിക്കുന്നതിനുവേണ്ടി ഒരോ സ്ഥലത്തും ഉണ്ടാകുന്ന പ്രശ്നങ്ങളെക്കുറിച്ച് നമ്മൾ ബോധ്യവാന്മാരാണ്. എന്തായാലും പൊല്യൂഷ്യൻ കൺട്രോൾ ബോർഡുമായി സംസാരിച്ച് അതിലേയ്ക്ക് വേണ്ടുന്ന ആലോചനകൾ ഗവൺമെന്റ് നടത്തുന്നതാണ്.

<u>ശ്രീ. കെ. വി. അബ്ദുൾ ഖാദർ</u>: സർ, നമ്മുടെ ആശുപത്രികളിലെ മാലിന്യ

സംസ്കരണം ഗുരുതരമായിട്ടുള്ള പ്രശ്നം തന്നെയാണ്. ഇവിടെ ഐ.എം.എ.യുമായി സഹകരിച്ചുകൊണ്ട് ഇമേജിന്റെ മലമ്പുഴയിലുള്ള പ്ലാന്റിലേയ്ക്ക് കേരളത്തിലെ എല്ലാ ആശുപത്രികളിൽ നിന്നുമുള്ള മാലിന്യം കൊണ്ടുപോവുകയെന്നുള്ളത് പ്രായോഗികമായി ബുദ്ധിമുട്ടുള്ള കാര്യമാണ്. മാത്രമല്ല, ശ്രീ. എം. ചന്ദ്രൻ ചൂണ്ടിക്കാണിച്ചതുപോലെ അവിടെ ഗുരുതരമായ പ്രശ്നമായി മാറുകയാണ്. അതുകൊണ്ട് നമ്മുടെ മെഡിക്കൽ കോളേജുകളിലുള്ള സ്ഥലങ്ങൾ പ്രയോജനപ്പെടുത്തി ഐ.എം.എ. യുമായി സഹകരിച്ചുകൊണ്ട് അതാത് മെഡിക്കൽ കോളേജുകളിൽ അല്ലെങ്കിൽ അതാത് ജില്ലകളിൽ ഇതിന് പ്രത്യേക സംവിധാനം ഉണ്ടാക്കാൻ വേണ്ടി കഴിയും. ഒരുപാട് സ്ഥലങ്ങൾ വെറുതെ കിടക്കുന്ന മെഡിക്കൽ കേളേജുകളുണ്ട്. ഐ.എം.എ.യുമായി സഹകരിച്ചുകൊണ്ട് പൊതുജനങ്ങൾക്ക് എതിർപ്പില്ലാത്ത വിധത്തിൽ അത്തരം സ്ഥലങ്ങളിൽ സംസ്കരണ സംവിധാനം ആരംഭിക്കുകയാണ് പ്രായോഗികമായി ചെയ്യേണ്ടത്. അതിന് ഗവൺമെന്റ് നടപടി സ്വീകരിക്കുമോ?

<u>ശ്രീ. വി. എസ്. ശിവകുമാർ</u>: സർ, അതുമായി ബന്ധപ്പെട്ട മറുപടിയാണ് നേരത്തേ ഞാൻ പറഞ്ഞത്. വികേന്ദ്രീകൃതമായിട്ടുള്ള മാലിന്യ സംസ്ക്കരണം ഓരോ ജില്ലകളിലും മെഡിക്കൽ കോളേജുകളിലുമെല്ലാം ഉണ്ടാകേണ്ടതിന്റെ

പ്രായോഗികമായ കാര്യത്തെക്കുറിച്ച് ആലോചിക്കേണ്ടതുണ്ട്. അക്കാര്യത്തെ സംബന്ധിച്ച് ആലോചിച്ച് വേണ്ടുന്ന നടപടി സ്വീകരിക്കാം.

ശ്രീ. വി. ശിവൻകുട്ടി: സർ, തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് എന്നീ ജില്ലകളിലെ ആശുപത്രി മാലിന്യങ്ങൾ സംസ്കരിക്കുന്നതിനായുള്ള ബൃഹത്തായ പദ്ധതികൾ ആരംഭിക്കുമെന്ന് അങ്ങ് കഴിഞ്ഞ നിയമസഭയിൽ ഉറപ്പുനൽകിയിരുന്നു. തിരുവനന്തപുരം മെഡിക്കൽ കോളേജിലെ ഡി.എം.ഇ. ഓഫീസിന്റെയും 'സി' ക്വാർട്ടേഴ്സിന്റെയും പുറകുവശത്താണ് മെഡിക്കൽ കോളേജ്, ശ്രീചിത്ര, ആർ.സി.സി., എസ്.എ.ടി. തുടങ്ങിയ ആശുപത്രികളിലെ മുഴുവൻ മാലിന്യങ്ങളും, സ്വിവറേജ് വെള്ളവും പമ്പ് ചെയ്ത് മുട്ടത്തറ സ്വീവറേജിലേയ്ക്ക് പോകുന്നത്. അവിടത്തെ പമ്പിംഗ് സ്റ്റേഷൻ തകരാറിലാണ്. ഈ ആശുപ്രതികളിലുള്ള മലിനജലത്തിൽ എന്തൊക്കെയുണ്ടാകുമെന്നുള്ളത് ഊഹിക്കാൻ പോലും കഴിയില്ല. അവിടത്തെ വീടുകളിലും പറമ്പുകളിലും ആ പ്രദേശത്ത് മുഴുവനും ഈ മലിനജലം എല്ലാ ദിവസവും നിറഞ്ഞുനിൽക്കുകയാണ്. അവിടെയുള്ള പമ്പിംഗ് തകരാറിലായതുകൊണ്ട് പമ്പിംഗ് നടക്കുന്നില്ല. ഈ ആശുപത്രികളെയെല്ലാം ചേർത്തുകൊണ്ട് പ്രത്യേകമായ സ്വിവറേജ് സംവിധാനം ഉണ്ടാക്കിയെങ്കിൽ മാത്രമേ ഈ വിഷയത്തിന് പരിഹാരം കാണാൻ സാധിക്കൂ. അതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ?

<u>ശ്രീ. വി. എസ്. ശിവകുമാർ</u>: സർ, പമ്പിംഗ് സ്റ്റേഷന് അങ്ങനെയൊരു തകരാറുള്ളതായി എന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. തീർച്ചയായും അതിനകത്ത് എന്തെങ്കിലും പ്രശ്നമുണ്ടെങ്കിൽ അതിന്റെ ചുമതല വഹിക്കുന്ന വകുപ്പുമന്ത്രിയുമായി സംസാരിച്ച് വേണ്ടുന്ന നടപടി സ്വീകരിക്കുന്നതാണ്.

<u>ശ്രീ. ബെന്നി ബെഹനാൻ</u>: സർ, ആശുപ്രതികളിൽ നിന്ന് മാത്രമല്ല ബയോമെഡിക്കൽ വേസ്റ്റുണ്ടാകുന്നത്. സിറിഞ്ച്, പഞ്ഞി, സാനിറ്ററി ഐറ്റംസ് പോലുള്ള ബയോമെഡിക്കൽ മാലിന്യത്തെക്കുറിച്ചാണ് മന്ത്രി ഇവിടെ സൂചിപ്പിച്ചത്. എറണാകുളം പട്ടണങ്ങളിൽ ഫ്ലാറ്റ് സമുച്ചയങ്ങളുണ്ട്. അവിടെ നിന്ന് സിറിഞ്ച്, പഞ്ഞി പോലുള്ള ബയോമെഡിക്കൽ മാലിന്യം വളരെയധികമാണ്. സർക്കാർ ആശുപത്രിയിൽ നിന്നും വരുന്നതിനേക്കാൾ കൂടുതൽ........ ഫ്ലാറ്റ് സമുച്ചയങ്ങളിൽ താമസിക്കുന്നവരിൽ പലരും ഡയബെറ്റിക്ക് പേഷ്യന്റാണ്. രാവിലെയും വൈകുന്നേരവും ഇഞ്ചക്ഷൻ എടുത്തതിനുശേഷം സിറിഞ്ചുകൾ വലിച്ചെറിയുന്നത് പട്ടണ പ്രദേശങ്ങളിൽ വളരെ പ്രശ്നങ്ങൾ ഉണ്ടാക്കുകയാണ്. ഇത് ശേഖരിക്കുന്നതിനുവേണ്ടി ഒരു നടപടിയും സ്വീകരിച്ചിട്ടില്ല. 'ട്രിഡാ' പോലുള്ള അസോസിയേഷനുമായി സഹകരിച്ച് ഈ ബയോമെഡിക്കൽ മാലിന്യം ശേഖരിക്കുന്നതിനും ഇതിന്റെ സംസ്കരണം നടത്തുന്നതിന് ബ്രഹ്മപുരം പോലുള്ള

സംസ്കരണ പ്ലാന്റ്...... അവിടെ സ്ഥലമുണ്ട്. ആ സ്ഥലത്ത് അടിയന്തരമായി ഫ്ലാറ്റുകളിലെ ബയോമെഡിക്കൽ മാലിന്യം സംസ്കരിക്കുന്നതിന് വേണ്ടിയുള്ള പ്ലാന്റ് സ്ഥാപിക്കുമോ; ഇവിടെ അങ്ങ് മറുപടി പറഞ്ഞപ്പോൾ പറഞ്ഞത്, ഒരു കിടക്കയ്ക്ക് ഇത്ര രൂപയെന്നാണ്. എറണാകുളം ജനറൽ ആശുപത്രിയേക്കാൾ കൂടുതൽ കിടക്കകളും ആളുകൾ താമസിക്കുന്നതും അവിടത്തെ ഫ്ലാറ്റ് സമുച്ചയങ്ങളിലാണ്. അതിനുവേണ്ടി അടിയന്തര നടപടി സ്വീകരിച്ചില്ലെങ്കിൽ എറണാകുളം പട്ടണത്തിലുണ്ടാകുന്ന പ്രശ്നങ്ങൾ വളരെ വലുതാണ്. അടിയന്തരമായി ഒരു പ്ലാന്റ് ആരംഭിക്കുന്നതിനുവേണ്ടിയുള്ള നടപടി സ്വീകരിക്കുമോ?

<u>ശ്രീ. വി. എസ്. ശിവകുമാർ</u>: സർ, 100 കിടക്കകളിൽ കൂടുതലുള്ള ആശുപത്രികളാണ് ഇമേജുമായി ധാരണയുണ്ടാക്കി ബയോമെഡിക്കൽ മാലിന്യം ട്രീറ്റ് ചെയ്യുന്നതിലേയ്ക്കുള്ള നടപടികൾ സ്വീകരിച്ചിട്ടുള്ളത്. ഈ പ്രശ്നം നമ്മുടെ സംസ്ഥാനത്തിന്റെ പല പ്രദേശങ്ങളിലുണ്ട്. ഇപ്പോൾ പി.എച്ച്.സി. സി.എച്ച്.സി. പോലുള്ള ചെറിയ ആശുപത്രികളിൽ ഇരുപതടി താഴ്ചയുള്ള കുഴികളെടുത്ത് അതിനകത്ത് സംസ്കരിക്കണമെന്നാണ് നിർദ്ദേശം നൽകിയിട്ടുള്ളത്. പൊല്യൂഷൻ കൺട്രോൾ ബോർഡിന്റെ നിർദ്ദേശ പ്രകാരമാണ് അങ്ങനെ ചെയ്യുന്നത്. നഗരപ്രദേശങ്ങളിൽ ഇത്തരത്തിലുള്ള പ്രശ്നങ്ങൾ ശ്രദ്ധയിൽപ്പെട്ടതുകൊണ്ട്,

ആരോഗ്യവകുപ്പ് മാത്രമല്ല, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി ചേർന്നുകൊണ്ട് എന്താണ് ചെയ്യാൻ കഴിയുമെന്നുള്ളതിനെക്കുറിച്ച് ആലോചിക്കുന്നതാണ്.

ശ്രീ. സി. ദിവാകരൻ: സർ, കേരളത്തിലെ പൊതുജനാരോഗ്യത്തെ ഗുരുതരമായി ബാധിക്കുന്ന പ്രശ്നമാണിത്. കുറെ ചോദ്യങ്ങളും അതിന് ബഹുമാനപ്പെട്ട മന്ത്രിയുടെ ഉത്തരവുംകൊണ്ട് തീരുന്നതല്ല ഇത്. കേരളത്തിലെ സ്വകാര്യമേഖലയിൽ ദിവസംപ്രതി സൂപ്പർ സ്പെഷ്യാലിറ്റി ആശുപത്രികൾ വരുന്നുണ്ട്. ഈ ആശുപത്രികളിൽനിന്ന് പുറംതള്ളുന്ന മാലിന്യങ്ങൾ എത്രയാണെന്നുള്ള കണക്കുമില്ല, യാതൊരു പരിശോധനയുമില്ല, സമഗ്രമായ യാതൊരു പദ്ധതിയുമില്ല. എല്ലാറ്റിനും ഒറ്റമൂലി മരുന്നായി അങ്ങ് പറയുന്നത് പൊല്യൂഷൻ കൺട്രോൾ ബോർഡാണ്. പൊല്യൂഷൻ കൺട്രോൾ ബോർഡ് മിക്കവാറും പ്രവർത്തന രഹിതമാണ്. യാതൊരു ഫങ്ഷനും അതിനകത്തില്ല. ഈ പൊല്യൂഷൻ കൺട്രോൾ ബോർഡിന് യാതൊരു എക്സിക്യൂട്ടീവ് പവറുമില്ല. അവർ പരിശോധിക്കുന്നുവെന്ന് പറയുന്നതല്ലാതെ യാതൊരു നടപടിയും എടുക്കാൻ കഴിയുന്നില്ല. ഒരു പുതിയ ഫാക്ടറിയോ സ്ഥാപനമോ തുടങ്ങുമ്പോൾ ലൈസൻസിനുവേണ്ടിയോ പെർമിഷനുവേണ്ടിയോ പെറ്റീഷൻ കൊടുക്കാം. അതിന് വേറെ കാര്യങ്ങളുണ്ട്. കേരളത്തിലെ ആരോഗ്യം സംരക്ഷിക്കുന്നതിനുവേണ്ടി വേസ്റ്റ് ഡിസ്പോസൽ

പ്രധാനപ്പെട്ട ഒരു വിഷയമായി എടുത്ത് ബഹുമാനപ്പെട്ട മന്ത്രിയും ഗവൺമെന്റും ഒരു പുതിയ സംവിധാനമുണ്ടാക്കാൻ തയ്യാറുണ്ടോ?

ശ്രീ. വി. എസ്. ശിവകുമാർ: സർ, മെഡിക്കൽ കോളേജുകളിലെ വേസ്റ്റ് മാത്രമല്ല IMAGE (Indian Medical Association Goes Eco) കളക്ട് ചെയ്യുന്നത്. കേരളത്തിലെ പ്രധാനപ്പെട്ട സ്വകാര്യ ആശുപത്രികളിലെ എല്ലാ വേസ്റ്റും ഇവർ കളക്ട് ചെയ്യുന്നുണ്ട്. പൊല്യൂഷൻ കൺട്രോൾ ബോർഡ് ഈ കാര്യങ്ങളെല്ലാം നിരീക്ഷിക്കുന്നുണ്ട്. മലിനീകരണ നിയന്ത്രണത്തിന്റെ ചുമതല വഹിക്കുന്ന ബഹുമാനപ്പെട്ട മന്ത്രി അതിനെക്കുറിച്ച് പറയും.

ഊർജ്ജ വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്): സർ, പൊല്യൂഷൻ കൺട്രോൾ ബോർഡിന് യഥാർത്ഥത്തിൽ എല്ലാ അധികാരങ്ങളുമുണ്ട്. പൊല്യൂഷൻ കൺട്രോൾ ബോർഡ് കൈകാര്യം ചെയ്യുന്നത് Air Pollution Act-ഉം Water Pollution Act- ഉം അനുസരിച്ചാണ്. ഇത് രണ്ടും സെൻട്രൽ ഗവൺമെന്റിന്റെ ആക്ടാണ്. അതിലെ കുറെ എക്സിക്യൂട്ടീവ് പവേഴ്സുമുണ്ട്. ആ പവേഴ്സെല്ലാം ഉപയോഗിക്കുന്നുമുണ്ട്. അത് ഉപയോഗിക്കാൻ യാതൊരു ബുദ്ധിമുട്ടുമില്ല. ആശുപത്രികളിലെ കാര്യങ്ങളെക്കുറിച്ച് പറഞ്ഞാൽ, ഡോക്ടർമാരുടെ അസോസിയേഷൻ ഇപ്പോൾ പാലക്കാട് നടത്തുന്നുണ്ട്. അതിനുപുറമെ

തിരുവനന്തപുരത്തും നടത്തുവാനുള്ള നടപടികൾ അവർ ചെയ്യുന്നുണ്ട്. എറണാകുളത്തും അവർ സ്ഥലം കണ്ടെത്തിയിട്ടുണ്ട്. മെഡിക്കൽ വേസ്റ്റിനെ സംബന്ധിച്ചിടത്തോളം പാലക്കാട് യൂണിറ്റിന് എല്ലാ വേസ്റ്റും എടുക്കാൻ കഴിയുന്നില്ലെന്നുള്ളത് ശരിയാണ്. പക്ഷേ പ്രൈവറ്റ് സ്ഥാപനങ്ങളിലേയുംമറ്റും വേസ്റ്റുകളും ഇപ്പോൾ അവരാണ് കൈകാര്യം ചെയ്യുന്നത്. അവർക്ക് കുറച്ച് പ്രയാസങ്ങളുണ്ടെന്നുള്ള കാര്യം ശരിയാണ്.

ശ്രീ. വി. ഡി. സതീശൻ: സർ, 2003-ൽ ഞാൻ ഈ സഭയിൽ കൊണ്ടുവന്ന ഒരു കാളിംഗ് അറ്റെൻഷനോടനുബന്ധിച്ചാണ് കേന്ദ്ര ബയോ വേസ്റ്റ് മാനേജ്മെന്റ് റൂൾസ് നമ്മുടെ സംസ്ഥാനത്ത് നടപ്പിലാക്കിയത്. അതിനുമുമ്പ് കേരളത്തിലെ എല്ലാ ആശുപത്രികളിലെയും ഓപ്പറേഷൻ തിയേറ്ററുകളിൽനിന്നും ആംപ്യൂട്ടേറ്റ് ചെയ്യുന്ന ഭാഗങ്ങൾ ഉൾപ്പെടെയുള്ള വേസ്റ്റുകളെല്ലാം പൊതു നിരത്തുകളിലേക്കാണ് പോയിരുന്നത്. പതിനൊന്ന് വർഷം കഴിഞ്ഞിട്ടും കുറ്റമറ്റ രീതിയിലുള്ള ഒരു സംവിധാനം നടപ്പാക്കാൻ കഴിഞ്ഞിട്ടില്ലെന്നുള്ളത് ദൗർഭാഗ്യകരമാണ്. രണ്ടുതരത്തിലുള്ള വേസ്റ്റ് ആണുള്ളത്. ഒന്ന്, ബയോ വേസ്റ്റ്, അതാണിപ്പോൾ IMAGE സംരക്ഷിക്കുന്നത്. അതുകൂടാതെ ഡിസ്പോസബിൾ സിറിഞ്ച്, ഡിസ്പോസബിൾ ഐ.വി. ട്യൂബ് തുടങ്ങിയ ധാരാളം വേസ്റ്റുകളുണ്ട്.

ഇൻസിനറേറ്ററുകൾ സ്ഥാപിച്ചും ക്രഷറുകൾ സ്ഥാപിച്ചും ഇതെല്ലാം അതാത് ആശുപത്രികളിൽത്തന്നെ സംസ്കരിക്കണമെന്നാണ് ബയോ വേസ്റ്റ് മാനേജ്മെന്റ് റൂളിൽ പറയുന്നത്. ബയോ വേസ്റ്റ് കളക്ട് ചെയ്യാനുള്ള സംവിധാനം കുറേക്കൂടി കുറ്റമറ്റതാക്കണം. പാലക്കാടുള്ള IMAGE-ന്റെ സംരംഭത്തിന് എന്തെല്ലാം കുറവുകളുണ്ടെങ്കിലും അത് മാത്രമാണ് ഇന്ന് കേരളത്തിലുള്ള ഏക പ്രസ്ഥാനം. അതുകൊണ്ട് അതിന്റെ കപ്പാസിറ്റി വർദ്ധിപ്പിക്കാനുള്ള സംവിധാനം ഏർപ്പെടുത്തുകയും ദക്ഷിണ കേരളത്തിൽ എവിടെയെങ്കിലും സുരക്ഷിതമായി ഇത് നടത്താനുള്ള സംവിധാനം ഏർപ്പെടുത്തുകയും അതോടൊപ്പം ബാക്കിയുള്ള വേസ്റ്റ് ഡിസ്പോസ് ചെയ്യുന്നതിന് എല്ലാ ആശുപത്രികൾക്കും കർശനമായ നിർദ്ദേശം നൽകുകയും അങ്ങനെയല്ലാത്ത ആശുപത്രികൾക്ക് പ്രവർത്തിക്കാനുള്ള അനുമതി നിഷേധിക്കുകയും ചെയ്യാൻ സർക്കാർ തയ്യാറാകുമോ?

<u>ശ്രീ. വി. എസ്. ശിവകുമാർ</u>: സർ, ഇതിൽ പ്രത്യേക ചില നിർദ്ദേശങ്ങൾ ആരോഗ്യവകുപ്പും പൊല്യൂഷൻ കൺട്രോൾ ബോർഡും നൽകിയിട്ടുണ്ട്. അതനുസരിച്ച് എല്ലാ സ്ഥാപനങ്ങളും മലിനീകരണ നിയന്ത്രണ ബോർഡിൽ രജിസ്റ്റർ ചെയ്യണം. ജില്ലാ മെഡിക്കൽ ഓഫീസർമാർ അതാത് ജില്ലയിലെ ബയോ മെഡിക്കൽ മാലിന്യങ്ങളുടെ സംസ്കരണം ഉറപ്പുവരുത്തുന്നതിനും മലിനീകരണ

നിയന്ത്രണ ബോർഡിലെയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെയും അംഗങ്ങൾ ഉൾപ്പെടുന്ന സബ് കമ്മിറ്റികൾ രൂപീകരിക്കാനും നിർദ്ദേശം നൽകിയിട്ടുണ്ട്. ബയോ മെഡിക്കൽ വേസ്റ്റ് തരം തിരിച്ച് സംസ്കരണത്തിനായി സൂക്ഷിക്കുന്നതിനുവേണ്ടി ഉദ്യോഗസ്ഥൻമാർക്ക് പ്രത്യക പരിശീലനവും നൽകുന്നുണ്ട്. ഇത് ബയോ മെഡിക്കൽ വേസ്റ്റ് വേർതിരിക്കുന്നതിനു വേണ്ടിയുള്ള നടപടികളാണ്. അതോടൊപ്പം മറ്റ് വേസ്റ്റുകൾ എല്ലാ ആശുപത്രികളിലും സംസ്കരിക്കുന്നതിനുള്ള നടപടികൾ ഇപ്പോൾത്തന്നെയുണ്ട്. അതിനുവേണ്ടി ഓരോ ആശുപത്രികളിലും സംവിധാനങ്ങളുണ്ട്. വലിയ ആശുപത്രികളിൽ ഇതുമായി ബന്ധപ്പട്ട് തദ്ദേശ സ്ഥാപനങ്ങൾ തന്നെ നേതൃത്വം കൊടുക്കുന്നുണ്ട്. ഈ കാര്യങ്ങൾ പരിശോധിച്ച് വേസ്റ്റ് മാനേജ്മെന്റിന് കൂടതൽ പ്രാധാന്യം കൊടുക്കുന്നതിനുവേണ്ടി ഇപ്രാവശ്യവും അതിനുമുമ്പും ബഡ്ജറ്റിൽ തന്നെ തുക ഉൾക്കൊള്ളിച്ചിട്ടുണ്ട്. ഇതിനുവേണ്ടി കൂടുതൽ തുക ഉൾക്കൊള്ളിച്ചുകൊണ്ട് വേസ്റ്റ് മാനേജ്മെന്റിനുവേണ്ടിയുള്ള സംവിധാനങ്ങൾ ശക്തിപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

ശ്രീ. ഇ. പി. ജയരാജൻ: സർ, നമ്മുടെ സംസ്ഥാനത്ത് സ്വകാര്യ മേഖലയിൽ സ്ഥാപിച്ചിട്ടുള്ള ഐ.എം.എ. യുടെ ഇമേജാണ് വേസ്റ്റ് സംസ്കരികാനുള്ള സംസ്കരണ ശാല. അത് ഉൽപ്പാദന കേന്ദ്രങ്ങളിൽ തന്നെ ഡിസ്പോസ് ചെയ്യുക എന്നുള്ളതാണ്

ഏറ്റവും ശാസ്ത്രീയമായിട്ടുള്ളതും ഫലപ്രദമായിട്ടുള്ളതുമായ നടപടി. പാലക്കാട് സ്ഥാപിച്ചിട്ടുള്ള സ്ഥാപനത്തെക്കുറിച്ച് വലിയ പരാതികൾ ഉയർന്നുവന്നിട്ടുണ്ട്. ഇതുസംബന്ധിച്ച് പരിശോധിച്ച് എന്ത് നടപടിയാണ് ഗവൺമെന്റ് സ്വീകരിച്ചിട്ടുള്ളത്. ഏതാണ്ട് എല്ലാ അംഗങ്ങളും ഇവിടെ ചൂണ്ടിക്കാണിച്ചിട്ടുള്ള കാര്യം, ഉൽപ്പാദന കേന്ദ്രങ്ങളിൽത്തന്നെ അത് നശിപ്പിക്കുക എന്നുള്ളതാണ്. അത്തരം ഒരു സംവിധാനം ആരംഭിക്കാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ? മറ്റൊരു കാര്യം, ഇവിടെ ഒരു ബെഡ്ഡിന് മൂന്നര രൂപ പ്രകാരമാണ് കൊടുക്കുന്നതെന്ന് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞു. സ്വകാര്യ ആശുപത്രികൾ വലിയ തോതിൽ വന്നപ്പോൾ ഇന്ന് ഗവൺമെന്റ് ആശുപത്രികളിൽ ചികിത്സക്ക് എത്തുന്നവരുടെ എണ്ണം വളരെ പരിമിതമാണ്. അപ്പോൾ ബെഡ്ഡിന് കൊടുക്കുക എന്നുപറയുന്നതിനേക്കാൾ രോഗികളുടെ എണ്ണം നോക്കി കൊടുക്കുന്നതല്ലേ ശരിയായിട്ടുള്ള നിലപാട്. ഇത്തരം ഒരു നിലപാട് ഐ.എം.എ. യെ സഹായിക്കാനല്ലേ ഉപകരിക്കൂ. അതുകൊണ്ട് ഇതുസംബന്ധിച്ച് ഗവൺമെന്റ് വിശദമായി ഒരു പരിശോധന നടത്തുമോ?

<u>ശ്രീ. വി. എസ്. ശിവകുമാർ</u>: സർ, നേരത്തെ ഉണ്ടാക്കിയ എഗ്രിമെന്റ് അനുസരിച്ചാണ് ഒരു ബെഡ്ഡിന് മൂനന്നര രൂപയെന്ന കണക്ക് അന്ന് നിശ്ചയിച്ചത്.

യഥാർത്ഥത്തിൽ ഇതൊരു പ്രധാനപ്പെട്ട കാര്യമാണ്. ചില സ്ഥലങ്ങളിൽ ബെഡിൽ ആളില്ലെന്നുണ്ടെങ്കിലും അത് കൊട്ടുക്കേണ്ടിവരുന്ന എന്നുള്ള സാഹചര്യം വരുന്നു. ഐ.എം.എ. യുമായി വീണ്ടും ഒരു ചർച്ചകൂടി നടത്താം. ബയോമെഡിക്കൽ വേസ്റ്റ് അതാത് ആശുപത്രികളിൽ സംസ്കരിക്കുക എന്നുപറയുന്നത് പ്രായോഗികമല്ല. അതിനുവേണ്ടി വളരെയധികം ശ്രമങ്ങൾ നടത്തേണ്ടിവരും. ഇപ്പോൾ സൂചിപ്പിച്ചതുപോലെ പാലക്കാടുള്ള പ്ലാന്റിന്റെ ശേഷി വർദ്ധിപ്പിക്കണം. ഊർജ്ജ വകുപ്പുമന്ത്രി പറഞ്ഞതുപോലെ തിരുവനന്തപുരത്തും എറണാകുളത്തും രണ്ട് സ്ഥാപങ്ങൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക എന്നുള്ളതാണ്. ജനങ്ങളുടെ എതിർപ്പുകൾ ഉണ്ടാകുന്നുണ്ട്. എങ്കിലും അതിനുള്ള നടപടികൾ സ്വീകരിക്കാം. പാലക്കാട് കഞ്ചിക്കോട് നിന്നുമുണ്ടായ പരാതിയനുസരിച്ച് ലോറിയിൽ നിന്നുംവീണ വേസ്റ്റ് തൃശ്ശൂർ മെഡിക്കൽ കോളേജിൽ പരിശോധിച്ചപ്പോൾ അതിൽ കണ്ടാമിനേഷൻ ഇല്ലെന്നുള്ള റിപ്പോർട്ടാണ് ലഭ്യമായിട്ടുള്ളത്. എന്നിരുന്നാലും അവിടത്തെ നടപടിക്രമങ്ങൾ കൂടുതൽ ശക്തമായി മുന്നോട്ടുപോകണമെന്നും രോഗം പകരാതിരിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നും പറഞ്ഞുകൊണ്ട് ഡി.എം.ഒ. യെ ഇത് പരിശോധിക്കുന്നതിനുവേണ്ടി അയച്ചിട്ടുണ്ട്. ഡി. എം. ഒ

അതിനുവേണ്ട കർശനമായ നിർദ്ദേശങ്ങൾ കൊടുത്തിട്ടുണ്ട്. ബയോമെഡിക്കൽ റൂൾ അനുസരിച്ച് ഡിസ്പോസ് ചെയ്യണമെന്ന കാര്യം ഇമേജ് ഉറപ്പുവരുത്തണമെന്നും ഇത് പരിശോധിക്കുന്നതിനുവേണ്ടി സൂപ്പർവൈസറി പോസ്റ്റിൽ അവിടെ ഒരാളെ നിയോഗിക്കണമെന്നുമുള്ള നിർദ്ദേശം കൊടുത്തിട്ടുണ്ട്. പൊല്യൂഷൻ കൺട്രോൾ ബോർഡിന്റെ അംഗീകാരത്തോടുകൂടി മാത്രമെ കാര്യങ്ങൾ ചെയ്യാൻ പാടുള്ളൂയെന്ന് പറഞ്ഞിട്ടുണ്ട്. അതുപോലെ ഇൻസ്പെക്ഷൻ ശക്തിപ്പെടുത്തുന്നതിന് ഒരു കമ്മിറ്റിയും അവിടെ രൂപീകരിച്ചിട്ടുണ്ട്. ഹെൽത്ത് ഡിപ്പാർട്ട്മെന്റ്, ഹോം ഡിപ്പാർട്ട്മെന്റ്, ലോക്കൽ സെൽഫ് ഗവൺമെന്റ് ഡിപ്പാർട്ട്മെന്റ് എന്നിവ പൊല്യൂഷൻ കൺട്രോൾ ബോർഡുമായി ചേർന്ന് സംയുക്തമായി പരിശോധന നടത്തുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്. പാലക്കാട് ഇമേജുമായി ബന്ധപ്പെട്ടുള്ള ട്രീറ്റ്മെന്റ് പ്ലാന്റിന്റെ നടപടി ക്രമങ്ങൾ ദിനംപ്രതി പരിശോധിക്കുന്നതിനുള്ള നിർദ്ദേശങ്ങളും നടപടികളും സ്വീകരിക്കുന്നുണ്ട്.

ശ്രീ. പി. സി. ജോർജ്: സർ, വളരെ വിശദമായ ചോദ്യോത്തരങ്ങൾ ഇവിടെ നടക്കുകയാണ്. നമ്മുടെ സ്വകാര്യ ആശുപത്രികളിലുണ്ടാകുന്ന മാലിന്യങ്ങൾ സംസ്കരിക്കാനുള്ള നിയമം വളരെ വേഗം ഉണ്ടാക്കേണ്ടിയിരിക്കുന്നു. ഞാൻ മനസ്സിലാക്കിയിടത്തോളം പൊല്യൂഷൻ കൺട്രോൾ ബോർഡിൽ, ബഹുമാനപ്പെട്ട

മന്ത്രി പോയി, അവിടെ ആവശ്യത്തിന് സ്റ്റാഫില്ല. ഇതൊരു വലിയ പ്രശ്നമാണ്. ഈരാറ്റുപേട്ടയിൽ ഒന്നരക്കൊല്ലമായി മാന്യന്മാരായ ഡോക്ടർമാർ പണം മുടക്കി സൂപ്പർ സ്പെഷ്യാലിറ്റി ആശുപത്രി ഉണ്ടാക്കുകയാണ്. ആ ആശുപത്രിക്ക് പൊല്യൂഷൻ കൺട്രോൾ ബോർഡിന്റെ അനുവാദം കിട്ടാൻ വളരെ ബുദ്ധിമുട്ടാണ്. കാരണം അവിടെ സ്റ്റാഫില്ല. അതുകൊണ്ട് പൊല്യൂഷൻ കൺട്രോൾ ബോർഡ് പുന:സംഘടിപ്പിക്കാനും ആവശ്യത്തിന് സ്റ്റാഫിനെ കൊടുക്കാനും ഇത് സമയാസമയങ്ങളിൽ പരിശോധിക്കാനുമുള്ള ഒരു നടപടിയുണ്ടാകണം. ഈരാറ്റുപേട്ടയിൽ ഏറ്റവും പ്രഗത്ഭനായ ഡോ. ഇസ്മയിൽ നേതൃത്വം കൊടുത്ത റെയ്ഹാൻ ഹോസ്പിറ്റൽ, ഡോക്ടർമാർ മാത്രം ചേർന്ന് രൂപീകരിക്കുന്ന ഒരു ഹോസ്പിറ്റലാണ്. പൊല്യൂഷൻ കൺട്രോൾ ബോർഡിന്റെ ഒറ്റ തെറ്റുകൊണ്ട് ആറുമാസമായി ആശുപത്രി പ്രവർത്തനമാരംഭിക്കാൻ കഴിഞ്ഞിട്ടില്ല. ഞാൻ അത് ചോദിക്കാമെന്ന് വിചാരിച്ചപ്പോൾ ശ്രീ. ആര്യാടൻ മുഹമ്മദ് സ്ഥലംവിട്ടു. അതുകൊണ്ട് ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പുമന്ത്രി പൊല്യൂഷൻ കൺട്രോൾ ബോർഡിന് അധികാരമുണ്ടെന്ന് പറയുന്നതല്ലാതെ അത് ഉപയോഗിക്കുന്നില്ല. കാരണം അവിടെ ആവശ്യത്തിന് സ്റ്റാഫില്ല. ഈ കാര്യം പ്രത്യേകം ശ്രദ്ധിക്കുമോ?

<u>ശ്രീ. വി. എസ്. ശിവകുമാർ:</u> സർ, പൊല്യൂഷൻ കൺട്രോൾ ബോർഡിന്റെ

ച്ചുമതല വഹിക്കുന്ന ബഹുമാനപ്പെട്ട മന്ത്രി ആര്യാടൻ മുഹമ്മദ് ആണ്. അദ്ദേഹവുമായി ഈ കാര്യത്തെക്കുറിച്ച് സംസാരിക്കാം. പൊല്യൂഷൻ കൺട്രോൾ ബോർഡിന്റെ അംഗീകാരത്തോടുകൂടി മാത്രമേ സ്ഥാപനങ്ങൾ പ്രവർത്തിക്കാവൂ എന്നുള്ളത് ഒരു യാഥാർത്ഥ്യമാണ്. സ്റ്റാഫിന്റെ കുറവുകൊണ്ട് ഇതിന്റെ പ്രവർത്തനങ്ങൾക്ക് ബുദ്ധിമുട്ടുണ്ടാകുന്ന കാര്യം ഗവൺമെന്റ് തീർച്ചയായിട്ടും പരിശോധിക്കും.

ശ്രീ. സി. കെ. നാണു: സർ, പുതുതായി ആരംഭിച്ച ജില്ലാ ആശുപത്രികളിൽ പ്രത്യേകമായി മാലിന്യസംസ്കരണം അതായത് പാലക്കാട് കൊണ്ടുപോകാൻ പറ്റുന്നത് പാലക്കാട് കൊണ്ടുപോകുകയും അല്ലാത്തത് ആ ജില്ലാ ആശുപത്രിയിൽ അതുമായി ബന്ധപ്പെട്ട് സംസ്കരിക്കാനുള്ള വല്ല പദ്ധതികളും ആസൂത്രണം ചെയ്തിട്ടുണ്ടോ?

ശ്രീ. വി. എസ്. ശിവകുമാർ: സർ, ജില്ലാ ആശുപത്രികളിൽ ഇപ്പോൾ അതാത് തദ്ദേശസ്ഥാപനങ്ങളുമായി ചേർന്നുകൊണ്ട് വെയ്സ്റ്റ് മാനേജ്മെന്റിനുള്ള സംവിധാനങ്ങളുണ്ട്. ആരോഗ്യവകുപ്പുതന്നെ ഓരോ വർഷവും വെയ്സ്റ്റ് മാനേജ്മെന്റിനുള്ള പ്രത്യേകം ഫണ്ട് നീക്കി വയ്ക്കുന്നുണ്ട്. ബയോ മെഡിക്കൽ വെയ്സ്റ്റ് പാലക്കാട് സംസ്കരിക്കുന്നതിനുവേണ്ടിയുള്ള തീരുമാനമാണ്

എടുത്തിട്ടുള്ളത്. തിരുവനന്തപുരത്തും കൊച്ചിയിലും അതിനെക്കുറിച്ച് ആലോചനകൾ നടക്കുന്നുണ്ട്. അത് ഒരു ഫൈനൽ തീരുമാനത്തിലേക്ക് എത്തിയിട്ടില്ല.

## കടൽ - കായൽ ജലശുദ്ധീകരണശാലകൾ

**(*363)** ശ്രീ. കെ. ശിവദാസൻ നായർ:
ശ്രീ. വി. റ്റി. ബൽറാം:
ശ്രീ. സി. പി. മുഹമ്മദ്:
ശ്രീ. വർക്കല കഹാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജല അതോറിറ്റി കടൽ-കായൽ ജല ശുദ്ധീകരണശാലകൾ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദാംശങ്ങൾ നൽകുമോ;

(സി) എന്തെല്ലാം കേന്ദ്രസഹായങ്ങളാണ് ഇതിന് ലഭിക്കുന്നത്; വിശദമാക്കുമോ;

(ഡി) കുടിവെള്ളക്ഷാമം പരിഹരിക്കാൻ എന്തെല്ലാം കാര്യങ്ങളാണ് പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്; വിശദാംശങ്ങൾ നൽകുമോ?

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്): സർ, (എ) ഈ വിഷയം ഗവൺമെന്റിന്റെ സജീവ പരിഗണനയിലാണ്. കേരളത്തിൽ കുടിവെള്ള സ്രോതസ്സുകളുടെ അഭാവം മൂലം ശുദ്ധജലക്ഷാമം രൂക്ഷമായ പ്രദേശങ്ങളിൽ, പ്രത്യേകിച്ചും തീരപ്രദേശങ്ങളിലും കുട്ടനാട് പോലുള്ള പ്രദേശങ്ങളിലും കുഴൽ

കിണറുകൾ സ്ഥാപിച്ച് ലഭ്യമാകുന്ന ലവണജലം ശുദ്ധീകരിച്ച് വിതരണം ചെയ്യുന്ന റിവേഴ്സ് ഓസ്മോസിസ് പ്ലാന്റുകൾ സ്ഥാപിക്കാനുള്ള ദർഘാസുകൾ ക്ഷണിക്കുകയും ദർഘാസുകളിൻ മേലുള്ള തുടർനടപടികൾ സ്വീകരിച്ചു വരുകയും ചെയ്യുന്നു. 5.365 കോടി രൂപയുടെ ഭരണാനുമതിയോടുകൂടി 19 ചെറുകിട പ്ലാന്റുകൾ സ്ഥാപിക്കുന്നതിനുള്ള ടെണ്ടറുകൾ 28/01/2013-ൽ ക്ഷണിച്ചിരുന്നു. എന്നാൽ ടെണ്ടറുകൾ ലഭിച്ചപ്പോൾ തുക ഭരണാനുമതി ലഭിച്ച തുകയേക്കാൾ 100%-ൽ കൂടുതലായതിനാൽ റദ്ദാക്കുകയുണ്ടായി. തുടർന്ന് 5.07 കോടി രൂപയുടെ ഭരണാനുമതിയോടുകൂടി 29/03/2014-ൽ പ്രസ്തുത വർക്കുകൾക്ക് പുനർ ദർഘാസുകൾ ക്ഷണിക്കുകയുണ്ടായി. രണ്ട് കമ്പനികളാണ് ഓഫറുകൾ നൽകിയത്. ഓഫർ ലഭിച്ചത് ഭരണാനുമതിയേക്കാൾ 67.36% കൂടുതലായതിനാൽ പുനർ ദർഘാസ് ക്ഷണിക്കുവാൻ ജല അതോറിറ്റി ബോർഡ് തീരുമാനിക്കുകയുണ്ടായി. പുനർദർഘാസിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

(ബി) തനത് കുടിവെള്ള സ്രോതസ്സില്ലാത്ത ഇടങ്ങളിൽ മേൽ പറഞ്ഞ മാർഗ്ഗം ഉപയോഗിച്ച് കുടിവെള്ളം എത്തിക്കാനാണ് ഉദ്ദേശിക്കുന്നത്.

(സി) കേന്ദ്രസഹായം ഇപ്പോൾ ലഭിക്കുന്നില്ല. നടപ്പ് സാമ്പത്തിക വർഷത്തെ സംസ്ഥാന ബഡ്ജറ്റിൽ നൂതന സാങ്കേതിക വിദ്യ ഇനത്തിൽ

വകയിരിത്തിയിരക്കുന്ന തുക ചിലവാക്കി 19 പ്ലാന്റുകൾ സ്ഥാപിക്കുവാനാണ് ലക്ഷ്യമിടുന്നത്.

(ഡി) കേരളത്തിൽ കുടിവെള്ള സ്രോതസ്സുകളുടെ അഭാവം മൂലം ശുദ്ധജലക്ഷാമം രൂക്ഷമായ പ്രദേശങ്ങളിൽ പ്രത്യേകിച്ചും തീരപ്രദേശങ്ങളിലും കുട്ടനാട് പോലുള്ള പ്രദേശങ്ങളിലും കുഴൽ കിണറുകൾ സ്ഥാപിച്ചു ലഭ്യമാകുന്ന ലവണജലം ശുദ്ധീകരിച്ച് വിതരണം ചെയ്യുന്ന റിവേഴ്സ് ഓസ്മോസിസ് പ്ലാന്റുകൾ സ്ഥാപിക്കാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

<u>ശ്രീ. കെ. ശിവദാസൻ നായർ</u>: സർ, ചോദ്യം കടൽ-കായൽ ജലശുദ്ധീകരണശാലകൾ സ്ഥാപിക്കാൻ ഉദ്ദേശമുണ്ടോ എന്നുള്ളതാണ്. യഥാർത്ഥത്തിൽ ഇതിനുള്ള മറുപടി കുഴൽ കിണറുകൾ തീരപ്രദേശത്തും കുട്ടനാട്ടും സ്ഥാപിച്ച് ലവണജലം ശുദ്ധീകരിക്കുന്നതിനുള്ള പദ്ധതികൾ ഉണ്ട് എന്നുള്ളതാണ്. ഇത് രണ്ടും രണ്ടാണ്. ബഡ്ജറ്റിലുള്ള 19 വർക്കുകൾ ചെറുകിട ജലപദ്ധതികളാണ്. 19 വർക്കുകളും തുടങ്ങിയിടത്തുതന്നെ നില്ക്കുന്നതേയുള്ളൂ ഇതുവരെ അത് തുടങ്ങാൻ കഴിഞ്ഞിട്ടില്ല. ഇവിടെ കായൽ-കടൽ ജലം ശുദ്ധീകരിച്ച് ശുദ്ധജലം വിതരണം ചെയ്യുന്നതിനുള്ള എന്തെങ്കിലും പദ്ധതികൾ നമുക്കുണ്ടോ; അതിനെക്കുറിച്ച് ആലോചനയുണ്ടോ; അങ്ങനെ നടത്തുന്നതിന് സാധാരണ ജലവിതരണ

പദ്ധതികളെക്കാൾ വലിയ ചെലവാകുമോ ഇതിനെസംബന്ധിച്ച് എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ ?

ശ്രീ. പി. ജെ. ജോസഫ്: സർ, ഈ വിഷയം ഗവൺമെന്റിന്റെ സജീവ പരിഗണനയിലാണെന്ന് ഞാൻ പറഞ്ഞിട്ടുണ്ട്. അതിലുള്ള പ്രശ്നം കുമ്പളങ്ങയിൽ 1 MLD പ്ലാന്റ് സ്ഥാപിക്കാനുള്ള ഒരു ഓർഡർ ഇറങ്ങി. അതിന് കേന്ദ്രഗവൺമെന്റ് സഹായംകൂടി ലഭിക്കും എന്ന് പ്രതീക്ഷിച്ചിരുന്നു. പവ്വർ പ്ലാന്റും രണ്ടുംകൂടി വന്നപ്പോൾ 1 MLD -ക്ക് 26 കോടി രൂപയാണ് ചെലവ്. വളരെ ചെലവേറിയ ഒരു പരിപാടിയായി ഇത് മാറും. അതുകൊണ്ട് ഇതിന്റെ ചെലവ് തന്നെയാണ് മുഖ്യമായ വിഷയം. കുടിവെള്ള സ്രോതസ്സ് ഒട്ടുമില്ലാത്ത തീരപ്രദേശങ്ങളിൽ 2 MLD യുടെ പ്ലാന്റ് സ്ഥാപിക്കുന്നതിനെ സംബന്ധിച്ചുള്ള ഒരു സ്റ്റഡി നടന്നുകൊണ്ടിരിക്കുകയാണ്. അതിനുള്ള പ്രോജക്ട് റിപ്പോർട്ടുകൾ തയ്യാറാകുന്നുണ്ട്. അതിന്റെ ചെലവ് തന്നെയാണ് പ്രധാനപ്പെട്ട ഒരു തടസ്സം.

ശ്രീ. കെ. ശിവദാസൻ നായർ: സർ, ഈ മറുപടിയിൽ, ലവണജലം കുഴൽ കിണർ സ്ഥാപിച്ച് ജലം ശുദ്ധീകരിക്കുന്നതിനുള്ള പ്രോജക്ടുകൾ വന്നു. ആദ്യം 100% ന് മുകളിൽ ആയിരുന്നു പിന്നീടത് 67% ന് താഴെ വന്നു. ഇത് യഥാർത്ഥ പണി ചെയ്ത് പൂർത്തിയാക്കുന്നതിന് മതിയായ ഒരു എസ്റ്റിമേറ്റല്ല എന്നുവേണം കരുതാൻ.

ശരിയായ രീതിയിൽ ഈ പ്ലാന്റുകൾ നടപ്പിലാക്കുന്നതിനുവേണ്ടി മറ്റ് നൂലാമാലകളിൽ നിന്ന് ഒഴിവാക്കി ഒരു പുതിയ പദ്ധതി എന്നുള്ള നിലയിൽ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

ശ്രീ. പി. ജെ. ജോസഫ്: സർ, അടുത്ത ടെൻഡർ വിളിക്കുമ്പോൾ..... ഈ ഒരു പ്രോജക്ട് തയ്യാറാക്കി കഴിഞ്ഞു. എക്സസ് എമൗണ്ട് ആണെങ്കിലും അതിന്റെ കൂടുതൽ ശതമാനം വന്നാലും അനുവദിച്ചുകൊടുക്കണം എന്നുള്ള തീരുമാനം എടുത്തിട്ടുണ്ട്.

ശ്രീ. ടി. എൻ. പ്രതാപൻ: സർ, ബഹുമാനപ്പെട്ട മന്ത്രി നല്കിയ ഉത്തരത്തിൽ കുഴൽ കിണറുകൾ സ്ഥാപിച്ച് ലഭ്യമാക്കുന്നതിനെ സംബന്ധിച്ച് പ്രത്യേകം പരാമർശം ഉണ്ട്. ഭൂഗർഭജലം അമിതമായി ചൂഷണം ചെയ്തുകൊണ്ടിരിക്കുകയാണ്. കേരളത്തിൽ 5 താലൂക്കുകളിൽ മാത്രമാണ് ഏറ്റവും അപകടകരമായ രീതിയിൽ ഭൂഗർഭജലത്തിന്റെ സോഴ്സ് കുറഞ്ഞുവരുന്നതായി പ്രഖ്യാപിച്ചത്. ഇപ്പോൾ അത് കൂടി വരികയാണ്. സംസ്ഥാനത്ത് അമിതമായി കുപ്പിവെള്ളം ഉണ്ടാക്കുന്ന കമ്പനികൾ ഉൾപ്പെടെയുള്ള ആളുകൾ ഭൂഗർഭജലം ചൂഷണം ചെയ്യുകയാണ്. ഭൂഗർഭജലം അമിതമായി ചൂഷണം ചെയ്യുന്നതിനെതിരെ ശക്തമായ നിലപാട് സ്വീകരിക്കുന്നതിനോടൊപ്പം തനത് കുടിവെള്ള സ്രോതസ്സുകളില്ലാത്ത സ്ഥലങ്ങളിൽ

കുടിവെള്ളം എത്തിക്കുന്നതിനുവേണ്ടി മൾട്ടി ജി.പി. ജലനിധി പദ്ധതിയുൾപ്പെടെയുള്ള ജലനിധി പദ്ധതികൾ വളരെ നന്നായി പ്രോജക്ട് ചെയ്യുന്ന മാള പോലുള്ള ചില സ്ഥലങ്ങളുണ്ട്. അതിനുവേണ്ടിയും പ്രത്യേകമായ നടപടി സ്വീകരിക്കുമോ?

<u>ശ്രീ. പി. ജെ. ജോസഫ്:</u> സർ, ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ടുമെന്റ് കുഴൽ കിണറുകൾ സ്ഥാപിക്കാൻ അനുയോജ്യമല്ല എന്നു പറയുന്ന സ്ഥലത്ത് ഇപ്പോൾ അനുവദിക്കുന്നില്ല. അത് കർശനമായി ക്രിട്ടിക്കൽ ഏരിയാ, സെമി ക്രിട്ടിക്കൽ ഏരിയാ എന്നിവിടങ്ങളിൽ ഇപ്പോൾ അനുവദിക്കുന്നില്ല. മറ്റ് സ്ഥലങ്ങളിൽ (19 പ്ലാന്റുകൾ അങ്ങനെയുള്ള സ്ഥലത്തല്ല) കുട്ടനാട്ടിൽ തന്നെയാണ് തുടങ്ങിയിരിക്കുന്നത്. അതുകൊണ്ട് കുഴൽ കിണറുകൾ സ്ഥാപിക്കാൻ പറ്റാത്ത സ്ഥലങ്ങളിൽ കുഴൽ കിണറുകൾ എടുക്കുന്നില്ല.

<u>ശ്രീ. സി. പി. മുഹമ്മദ്:</u> സർ, 44 നദികളും അനേകം കായലുകളും വർഷത്തിൽ ആറുമാസം മഴയുമുള്ള കേരളത്തിൽ വിദേശരാജ്യങ്ങളിലെപ്പോലെ കടൽജലം ശുദ്ധീകരിക്കുന്നത് പ്രായോഗികമല്ല. ജലാശയങ്ങളിൽ റഗുലേറ്ററുകളിലെ വെള്ളം ശുദ്ധീകരിച്ചുള്ള നടപടികളിലെല്ലാം വാട്ടർ അതോറിറ്റി തയ്യാറാവുമോ?

<u>ശ്രീ. പി. ജെ. ജോസഫ്:</u> സർ, ഇപ്പോഴുള്ള നദികളിലും അതുപോലെ

ശുദ്ധജലം ലഭിക്കുന്നതിനുള്ള സ്ഥലങ്ങളിലും തന്നെയാണ് പദ്ധതികളുമായി മുന്നോട്ടുപോകുന്നത്. തീരപ്രദേശങ്ങളിൽ വളരെ ദൂരെയൊന്നും ഈ സ്രോതസ്സ് കണ്ടെത്തേണ്ടിയിരിക്കുന്ന സ്ഥലങ്ങളുമായി കമ്പയർ ചെയ്തിട്ട് പരീക്ഷണാർത്ഥം ഡീസാലിനേഷൻ പ്ലാന്റുകൾ സ്ഥാപിക്കുന്നതിനെ സംബന്ധിച്ചുള്ള സ്റ്റഡിയാണ് ഇപ്പോൾ നടത്തിക്കൊണ്ടിരിക്കുന്നത്.

(ചോദ്യോത്തരസമയം കഴിഞ്ഞു.)